
AKPCTA

# Kerala Private College Teacher

June 1987

29–ാം സംസ്ഥാനസമ്മേളനം – വിദ്യാഭ്യാസമന്ത്രി സംസാരിക്കുന്നു.



# അറിയിപ്പുകൾ

## ജേർണൽ അറിയിപ്പ്

'കേരള പ്രൈവററ് കോളേജ് ടീച്ചറി'ന്റെ പുതിയ ചീഫ് എഡിററായി പ്രൊഫ. കെ. സുകുമാരൻ നായരേയും, മാനേജിംഗ് എഡിററായി പ്രൊഫ. കെ. പി. ദിവാകരൻ നായരേയും പ്രവർത്തക സമിതി നിയമിച്ചു. ഇവർ ഡിക്ളറേഷൻസമർപ്പിച്ചതിനുശേഷം ചുമതല ഏറെറടുക്കുന്നതാണ്.

## ജേർണൽ മാററർ

ജേർണലിലേയ്ക്കുള്ള മാററും ഫോട്ടോകളും എല്ലാം ഇനിമുതൽ താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രൊഫ. കെ. സുകുമാരൻ നായർ
നാറാണത്ത്
പിള്ളവീട് ലെയിൻ
കേശവദാസപുരം
തിരുവനന്തപുരം-4

## വരിസംഖ്യ

ജേർണൽ വരിസംഖ്യയും, വരിക്കാരുടെ വിലാസവും എല്ലാം ഇനി മുതൽ മാനേജിംഗ് എഡിററുടെ പേർക്ക് അയയ്ക്കണം.

പ്രൊഫ. കെ. പി. ദിവാകരൻ നായർ
T. C. 3/1206, ലക്ഷ്മി നഗർ
കേശവദാസപുരം, തിരുവനന്തപുരം-4

## വെൽ ഫെയർ ട്രസ്ററ്-കൂടുതൽ അംഗങ്ങളെ ചേർക്കുക

ഈ വർഷം പുതുതായി 500 ൽ കുറയാതെ അംഗങ്ങളെ എ കെ. പി. സി. ടി. വെൽഫേർ ട്രസ്ററിൽ ചേർക്കണമെന്നാണ് തീരുമാനം. ബ്രാഞ്ചു സെക്രട്ടറിമാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. പൂരിപ്പിച്ച അപേക്ഷാ ഫോറവും, തുകയും താഴെപ്പറയുന്ന വിലാസത്തിൽ അയക്കണം.

പ്രൊഫ. പി. നരേന്ദ്രൻ
ജനറൽ സെക്രട്ടറി, എ. കെ. പി. സി. ടി. എ
28/406
അംബുജവിലാസം റോഡ്
തിരുനന്തപുരം-1

# വാർത്തകൾ

## അനർഹമായ ഡപ്യൂട്ടേഷൻ നൽകരുത്

ചേർത്തല സെൻറ് മൈക്കിൾസ് കോളേജിൽ പ്രിൻസിപ്പാളാകാൻ യോഗ്യരായ അദ്ധ്യാപകരുണ്ടെന്നിരിക്കെ, പുറത്തുനിന്നും ഡെപ്യൂട്ടേഷൻ വഴി നിയമിക്കപ്പെട്ടിട്ടുള്ള പ്രിൻസിപ്പാളിന്റെ കലാവധി നീട്ടിക്കൊടുക്കരുതെന്നും എ. കെ. പി. സി. ടി, എ ഒരു നിവേദനം വഴി സർക്കാറിനോടാവശ്യപ്പെട്ടു.

## അവകാശാവധിക്കാലം ഡൈസ് നോൺ ആക്കരുത്

പ്രീഡിഗ്രി ബോർഡിനെതിരായി നടന്ന പണിമുടക്കിൽ പങ്കെടുത്ത അദ്ധ്യാപകർ അതിനെതുടർന്ന് അവകാശാവധി എടുത്തത് ഡൈസ് നോൺ ആയി പ്രഖ്യാപിക്കണമെന്ന് കോട്ടയം, കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർമാർ നിർദ്ദേശിച്ചിരിക്കുന്നു. 'അൺ ഓതറൈസ്ഡ് ആബ്സൻസ്' കാലം മാത്രമേ ഡൈസ് നോൺ ആയി കണക്കാക്കാവു എന്ന് വ്യക്തമായ നിയമം നിലവിലിരിക്കെ മാനേജ്മെൻറ് ഗ്രാൻറ് ചെയ്ത 'കമ്യൂട്ടട് ലീവും' 'ഹാഫ് പേലീവും' ഡൈസ് നോൺ ആയി കണക്കാക്കണമെന്ന ഡെപ്യൂട്ടി ഡയറക്ടർമാരുടെ നിഗമനം തീർത്തും തെററാണ് മാത്രമല്ല പണിമുടക്കുകാലം മാത്രമേ 'ഡൈസ് നോൺ ആയി കണക്കാക്കാവു എന്ന 1986 ജൂലൈയിൽ ഇറക്കിയ ഗവൺമെൻറ് ഓർഡറിനു വിരുദ്ധവുമാണ് ഈ നിലപാട്. പണിമുടക്കു കാലത്തെ തുടർന്നെടുത്ത അവകാശാവധിക്കാലത്തെ ശമ്പളം കൊടുക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർ മാർക്ക് നിർദ്ദേശം നൽകണമെന്ന് എ കെ. പി. സി ടി എ ജനറൽ സെക്രട്ടറി മുഖ്യമന്ത്രിക്ക് 2.5.'87 ൽ നിവേദനം നൽകി.

## കരിങ്കാലികളെ പിരിച്ചു വിട്ടു

പ്രീഡിഗ്രി ബോർഡ് സമരകാലത്ത് കേരള യൂണിവേഴ്സിററി കരിങ്കാലിപ്പണിക്കുവേണ്ടി പുറം വാതിലിലൂടെ നിയമിച്ച 29 പേരെ സിണ്ടിക്കേററ് പിരിച്ചുവിട്ടു. ഇതിനെ ചോദ്യം ചെയ്തു കൊണ്ട് ചിലർ ഹൈക്കോടതിൽ സമർപ്പിച്ചിരുന്ന റിട്ട് ഹർജി കോടതി തള്ളിക്കളഞ്ഞു

# മെഹറോത്രാ കമ്മിററി റിപ്പോർട്ട്

ഇന്ത്യയിലെ യൂണിവേഴ്സിററി, കോളേജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകരം പഠിച്ച് ആവശ്യമായ പരിഷ്കാരങ്ങരം ശുപാർശ ചെയ്യുവാൻ 1983 ൽ ആണ് രാജസ്ഥാൻ യൂണിവേഴ്സിററിയിലെ കെമിസ്ട്രി പ്രൊഫസർ ആർ. സി. മെഹ്റോത്രാ ചെയർമാനായി ഒരു കമ്മിററിയെ നിയമിച്ചത്. ഓരോ പത്തു വർഷം കൂടുമ്പോഴും യൂണിവേഴ്സിററി, കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കാരം നടത്തണമെന്ന് യു. ജി. സി. റൂരംസിൽ പറഞ്ഞിട്ടുണ്ട്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് അയ്ഫക്ടോയുടെ ആഭിമുഖ്യത്തിൽ ഡൽഹി ബോട്ട് ക്ളബ് മൈതാനിയിൽ നടത്തിയ ത്രിദിന ധർണയ്ക്കിടക്കാണ് മെഹറോത്രാ കമ്മററിയുടെ നിയമനം പ്രഖ്യാപിക്കപ്പെട്ടത്. കമ്മിററി അതിൻെറ റിപ്പോർട്ട് 1986 മേയ് മാസത്തിൽ യു. ജി. സി ക്ക് സമർപ്പിച്ചു. റിപ്പോർട്ട് സമർപ്പിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നാലാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ശമ്പള പരിഷ്കാരം നടപ്പിലാക്കിയിട്ട് നാലഞ്ചു മാസങ്ങരം കഴിഞ്ഞെങ്കിലും മെഹറോത്രാക്കമ്മിററി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുളള ശുപാർശകരം ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് നടപ്പാക്കാൻ ഇതേവരെ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. 1986 ഏപ്രിൽ അവസാനം ഡൽഹിയിൽ പാർലമെൻറിനു മുമ്പിൽ അയ്ഫക്ടോയുടെ നേതൃത്വത്തിൽ നടത്തിയ പ്രകടനത്തിൻെറ ഫലമായാണ് റിപ്പോർട്ട് സമർപ്പിച്ചതുതന്നെ. 1986 നവമ്പർ 26 ന് ഇന്ത്യയിലെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും നടന്ന ധർണയുടെ ഭാഗമായി തിരുവനന്തപുരത്ത് സെക്രട്ടറിയേററ് നടയിൽ എ. കെ. പി. സി. ടി എ., എ. കെ. ജി. സി. ടി. പ്രവർത്തകർ ധർണ നടത്തി. ഡിസംബറിൽ ഐഫക്ടോയുടെ നേതൃത്വത്തിൽ ഡൽഹിയിൽ നടന്ന നിയമ നിഷേധത്തിലും അറസ്ററു വരിക്കലിലും എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ധാരാളം അദ്ധ്യാപകർ പങ്കെടുത്തു.

മെഹറോത്രാ റിപ്പോർട്ടിൽ ശമ്പളപരിഷ്കരണ കാര്യങ്ങരം മാത്രമല്ല പറയുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തു വരുത്തേണ്ട പരിഷ്കാരങ്ങളിലേക്കും റിപ്പോർട്ട് വിരൽ ചൂണ്ടുന്നുണ്ട്; അത് ശമ്പള ഘടനയുമായി ഇടയ്ക്കി

---

*പത്രാധിപ സമിതി*

ചെയർമാൻ
വി. നാരായണൻ കുട്ടി

പത്രാധിപർ
വി. എൻ. മുരളി

*അംഗങ്ങര*

പി. നരേന്ദ്രൻ, എസ്. വിശ്വനാഥൻ, ടി. ഗോപാലകൃഷ്ണൻ,
കെ. സുകുമാരൻ നായർ, കെ. പി. ദിവാകരൻ നായർ, നെല്ലിക്കൽ മുരളി
എൻ. എൻ. ആനന്ദൻ, ആർ. മോഹന കൈമരം, ഡോ. എ. റസലുദീൻ,
കവടിയാർ രാമചന്ദ്രൻ, തോമസ് ജോർജ്ജ്

ടയ്ക്ക് ബന്ധപ്പെട്ടാണെന്നു മാത്രം. കേന്ദ്ര സർക്കാരിന്റെ പുത്തൻ വിദ്യാഭ്യാസ നയത്തിനനുയോജ്യമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സഹായിക്കുന്ന പല ശുപാർശകളും റിപ്പോർട്ടിൽ കാണാം. റീഡർ, പ്രൊഫസർ തസ്തികകൾ യൂണിവേഴ്സിററികളിലും 'സെലക്ടഡ് കോളേജ്'കളിലും മാത്രമാണ് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നത്. ഈ 'സെലക്ടഡ് കോളേജുകൾ' പുത്തൻ വിദ്യാഭ്യാസ നയത്തിലെ ഓട്ടോണമസ് കോളേജുകളായിരിക്കുമല്ലോ. ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും പഠിക്കുന്ന കോളേജുകളെയും, അവിടത്തെ അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും രണ്ടാം തരക്കാരായികാണാനുള്ള ശ്രമമാണിത്. ഡൂൺ ടൈപ്പ് സ്കൂളുകളും, ഓട്ടോണമസ് കോളേജുകളും പ്രോത്സാഹിപ്പിക്കപ്പെടുകയും, ബാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങളെ അവഗണിക്കുകയും ചെയ്യുന്ന നയത്തോട് അയ്ഫക്ടോ യോജിക്കുന്നില്ല.

1970 മുതലേ ഐഫക്ടോ കോളേജ് അദ്ധ്യാപകർക്ക് ഒരു 'റണ്ണിംഗ് സ്കെയി'ലിന് വേണ്ടി വാദിച്ചുകൊണ്ടിരിക്കയാണ്. സെൻ കമ്മററിയുടെ കാഴ്ചപ്പാടും അതായിരുന്നു. ജൂനിയർ ലക്ചറർ, സീനിയർ ലക്ചറർ തസ്തികകൾ ഒന്നിച്ച് ഒററ തസ്തികയാക്കാനായിരുന്നു സെൻ കമ്മററി ശുപാർശ. കേന്ദ്ര ഗവൺമെൻറിന്റെ നാലാം ശമ്പളക്കമ്മീഷന്റെ കാഴ്ചപ്പാടും അതായിരുന്നു. എന്നാൽ മെഹറോത്രാ കമ്മിററി അദ്ധ്യാപകർക്ക് ലക്ചറർ, സീനിയർ ലക്ചറർ, ലക്ചറർ സെലക്ഷൻ ഗ്രേഡ്, റീഡർ, പ്രൊഫസർ എന്ന് കൂടുതൽ കാററഗറി സ്കെയിലുകൾ നിർദ്ദേശിച്ചിരിക്കുന്നു. അതുപോലെ അദ്ധ്യാപകർക്ക് പ്രമോഷനുവേണ്ടി ശുപാർശ ചെയ്തിരിക്കുന്ന സെലക്ഷൻ സമ്പ്രദായം അശാസ്ത്രീയമാണ്. പതിനായിരക്കണക്കിന് അദ്ധ്യാപകർക്ക് എം. ഫില്ലിനോ, റിഫ്റഷേഴ്സ് കോഴ്സിനോ ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക ഒരു ഭാരിച്ച ബാധ്യതയാണെന്നിരിക്കെ അങ്ങനെയുള്ള യാഥാർത്ഥ്യ ബോധമില്ലാത്ത നിർദ്ദേശങ്ങൾ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയേ ഉള്ളു. പ്രമോഷൻ സമയബന്ധിതമായിരിക്കണമെന്നുള്ളതാണ് അയ്ഫക്ടോയുടെ കാഴ്ചപ്പാട്. അദ്ധ്യാപകർക്ക് തങ്ങളുടെ വിജ്ഞാനം വർദ്ധിപ്പിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. മെഹറോത്രാക്കമ്മററി ശുപാർശ ചെയ്യുന്നതുപോലെയുള്ള സെലക്ഷൻ സമ്പ്രദായം ആത്മനിഷ്ഠമായിത്തീരും. വർക്ക്ലോഡിനെപ്പററി കമ്മററി ഒന്നും പറയുന്നില്ല. അത് കൂട്ടാനാണ് സാധ്യത.

കമ്മിററി ശുപാർശ അനുസരിച്ച് സെൻട്രൽ, സ്റേററ് യൂണിവേഴ്സിററികളിലെ അദ്ധ്യാപകർ തമ്മിലുള്ള ശമ്പള വ്യതിയാനം ഇല്ലാതാകുന്നു, യൂണിവേഴ്സിററി, കോളേജ് അദ്ധ്യാപകരുടെ ശമ്പളം കേന്ദ്ര ഗവൺമെൻറിലെ ഒന്നാം ക്ളാസ് ഉദ്യോഗസ്ഥൻമാരുടെ ശമ്പള ഘടനയുമായി തുല്യമാകുന്നു. പുതിയ ശമ്പള സ്കെയിലുകൾ നടപ്പിലാക്കുമ്പോൾ വരുന്ന അധികച്ചെലവിന്റെ നൂറു ശതമാനവും കേന്ദ്ര ഗവൺമെൻറ് വഹിക്കണമെന്ന ശുപാർശ ആശ്വാസകരം തന്നെ. 1973 ലെ യു ജി. സി. സ്കെയിലുകൾ നടപ്പാക്കുന്നതിനെതിരായി കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളും ഉന്നയിച്ച മുഖ്യ വാദം ഈ അധിക ചെലവിന്റെ സാമ്പത്തിക ബാദ്ധ്യതയിലൂന്നിയായിരുന്നു. സെൻട്രൽ യൂണിവേഴ്സിററി അദ്ധ്യാപകർക്കുള്ളതുപോലെ 'ലീവ് ട്രാവൽ കൺസഷൻ' 'പ്രൊഫഷണൽ അലവൻസ്' 'പെൻഷൻ കം ഗ്രാററുവിററി കം ജി. പി. എഫ്' സൗകര്യങ്ങളൊക്കെ എല്ലാ അധ്യാപകർക്കും ശുപാർശചെയ്യുന്നുണ്ട്. സൂപ്പർ ആന്വേഷന്റെ പ്രായം 60 ആയി ഉയർത്തണമെന്നുള്ളതാണ് മറെറാരു പ്രധാന ശുപാർശ.

14 വർഷങ്ങൾക്കുമുമ്പാണ് യു. ജി. സി. ...ള പരിഷ്കരണം നടത്തിയത്. അതു ക...ഞ്ഞ് മററു വിഭാഗം ജീവനക്കാരുടെ ശമ്പളം ...ല പ്രാവശ്യം പരിഷ്കരിച്ചിട്ടുണ്ട്. ഇത്രയുമൊക്കെയായിട്ടും, മെഹറോത്രാകമ്മററി റിപ്പോർട്ട് അധ്യാപക സംഘടനകളുമായി ചർച്ച ചെയ്ത് വേണ്ട ഭേദഗതികളോടെ നടപ്പാക്കാൻ കേന്ദ്ര സർക്കാരും, കമ്മിററികളും കാണിക്കുന്ന ...നാസ്ഥ പ്രതിഷേധാർഹമാണ്. ഈ പശ്ചാത്തലത്തിലാണ് ആഗസ്ററ് മാസത്തിൽ ഒരു അഖിലേന്ത്യാ പണിമുടക്കിന് അയ്ഫക്ടോ ആഹ്വാനം ചെയ്തിരിക്കുന്നത്. മിക്ക സംസ്ഥാനങ്ങളിൽ നിന്നും അനുകൂലമായ പ്രതികരണമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ആലുവായിൽ കൂടിയ എ. കെ, പി. സി. ടി. എ. സംസ്ഥാന കമ്മററിയോഗം, ഈ പ്രശ്നത്തിൽ, ഐഫക്ടോയുടെ കാഴ്ചപ്പാടുമായി യോജിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. 1983 ലെ യു. ജി. സി. ശമ്പള സ്കെയിലുകൾ നമുക്കു നിഷേധിക്കപ്പെട്ടു. ആ സ്ഥിതി ഇനിയൊരിക്കലും കേരളത്തിലെ കോളേജ് അദ്ധ്യാപകർക്ക് ഉണ്ടാകരുത്. അതുനേടുവാനുള്ള കർമ്മ പരിപാടികളാകട്ടെ ഇന്ന് നമ്മുടെ സംഘടനയുടെ അജണ്ടയിലെ മുഖ്യ ഇനം!

# കോർപ്പറേററ് മാനേജ്മെൻറുകളും സ്ഥലംമാററ ദ്രോഹവും

കേരളത്തിലെ കോളേജ് വിദ്യാഭ്യാസരംഗത്ത് പ്രൈവററ് മേഖലയിൽ പ്രവർത്തിക്കുന്ന കോർപ്പറേററ് മാനേജ് മെൻറുകളാണ് എൻ. എസ്. എസ്; എസ്. എൻ. ട്രസ്ററ്, എം. ഇ. എസ്; ദേവസ്വം ബോർഡ്, തൃശൂർ സി. എം. സി. മാനേജ്മെൻറ് തുടങ്ങിയവ. ഇവയുടെ കീഴിൽ 47 കോളേജുകളും അവിടെ ജോലി നോക്കുന്ന 3000-ൽ പരം അദ്ധ്യാപകരും 2000-ൽ പരം അദ്ധ്യാപകേതര ജീവനക്കാരും ഉണ്ട്. ഈ ജീവനക്കാരെ യാതൊരുതത്വദീക്ഷയുമില്ലാതെ സ്ഥലം മാററി ദ്രോഹിക്കുന്ന ഒരു നയമാണ് ഇവയിൽ ചില മാനേജ്മെൻറുകൾ സ്വീകരിച്ചിരിക്കുന്നത്. സംഘടനാപ്രവർത്തകരായ അദ്ധ്യാപകരെ നിർവ്വീര്യരാക്കുന്നതിനും, അദ്ധ്യാപകരെ ഭിന്നിപ്പിച്ചു നിർത്തുന്നതിനും, നിർബ്ബന്ധപ്പിരിവു നടത്തുന്നതിനും, കാലാകാലങ്ങളിൽ മാനേജ്മെൻറിൻെറ തലപ്പത്തു വരുന്ന വ്യക്തികളുടെ രാഷ്ട്രീയ മോഹങ്ങൾ സാക്ഷാൽക്കരിക്കുന്നതിനും കൈയ്യുള്ള ശക്തമായ ഒരായുധമായിട്ടാണ് സ്ഥലംമാററത്തെ ഈ മാനേജ്മെൻറ്കൾ ഉപയോഗിക്കുന്നത്. ഒരു അദ്ധ്യയന വർഷം തന്നെ പത്തും പന്ത്രണ്ടും സ്ഥലംമാററ ഉത്തരവുകൾ പുറപ്പെടുവിച്ച ഉദാഹരണങ്ങളുണ്ട്. മൊത്തം സർവീസിനിടക്ക് പത്തും ഇരുപതും തവണ സ്ഥലംമാററപ്പെടുന്ന അദ്ധ്യാപകരുണ്ട്. ഒരു വർഷം തന്നെ ഒരാളെ മൂന്നും നാലും കോളേജുകളിലേക്ക് സ്ഥലം മാററിയിട്ടുണ്ട്. നേരെ മറിച്ച് സർവ്വീസിൽ കയറിയ കാലം മുതൽ തുടർച്ചയായി ഇരുപതും ഇരുപത്തി അഞ്ചും വർഷം ഒരേ കോളേജിൽ ജോലി നോക്കാൻ ഭാഗ്യം സിദ്ധിച്ചവരുമുണ്ട്. സ്ഥലംമാററപ്പെടുന്ന ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നുമില്ല.

കോർപ്പറേററ് മാനേജ് മെൻറിൻെറ കീഴിൽ ജോലി നോക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം, തൊഴിലിനോട് ആത്മാർത്ഥത പുലർത്തുന്നതിനാവശ്യമായ മാനസിക സാഹചര്യം അവർക്കുണ്ടാക്കിക്കൊടുക്കുന്നതിന് വിഘാതമായി നിൽക്കുന്ന മുഖ്യ ഘടകം സ്ഥലം മാററ ദ്രോഹമാണ്. നിക്ഷിപ്ത താൽപ്പര്യക്കാരായ ചില അക്കാദമികേതര ശക്തികളുടെ വ്യാജ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ, വസ്തുതകളുടെ യാഥാർത്ഥ്യം പരിശോധിച്ചറിയാതെ, അദ്ധ്യാപകരെ സ്ഥലംമാററി ദ്രോഹിക്കുന്ന പ്രവണത, എൻ. എസ് എസ്, എസ് എൻ മാനേജ്മെൻറുകളെ സംബന്ധിച്ചിടത്തോളം സർവ്വസാധാരണമാണ്. വികലമായ ഈ സ്ഥലംമാററ നയംമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന നഷ്ടത്തെക്കുറിച്ചോ, അക്കാദമിക് താത്പര്യങ്ങൾക്കുണ്ടാകുന്ന ഹാ

നിയേക്കുറിച്ചോ മാനേജ്മെൻറുകൾക്ക് ഒരു ചിന്തയുമില്ല. പ്രശസ്തമായി പ്രവർത്തിച്ചിരുന്ന ചില കോളേജുകളിലെ വിദ്യാഭ്യാസാന്തരീക്ഷം ഇന്ന് തുലോം ശോചനീയമായിരിക്കുന്നതിൻെറ ഒരു കാരണം തത്വദീക്ഷയില്ലാത്ത സ്ഥലംമാററ നയമാണ്. കൂടാതെ സർവ്വകലാശാലകൾക്ക് ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു.

എൻ എസ് എസ് കോളേജുകളിലെ ഈ വർഷത്തെ ജനറൽ ട്രാൻസ്ഫർലിസ്ററ് ജൂൺ ആദ്യം പുറത്തിറങ്ങി. സ്ഥലംമാററങ്ങൾക്ക് ഒരിക്കലും മാനദണ്ഡം പുലർത്താത്ത എൻ എസ് എസ് മാനേജ്മെൻറ് ഇക്കൊല്ലം മുമ്പെന്നത്തേക്കാളും വ്യാപകമായി അദ്ധ്യാപകരെ സ്ഥലംമാററി ദ്രോഹിച്ചിരിക്കയാണ്. അഴിമതിയും, സ്വജന പക്ഷപാതവും, രാഷ്ട്രീയ പകപോക്കലും വ്യക്തമാക്കുന്ന രീതിയിലാണ് സ്ഥലം മാററം നടപ്പിലാക്കിയിരിക്കുന്നത്. ചേർത്തല എൻ. എസ്. എസ്. കോളേജിൽ നിന്നും, കൂട്ടത്തോടെ അദ്ധ്യാപകരെ സ്ഥലംമാററി ദ്രോഹിച്ചിരിക്കുകയാണ്.

എസ്. എൻ. ട്രസ്ററ് മാനേജ്മെൻറാകട്ടെ ഹൈക്കോടതിയുടെ അംഗീകാരത്തോടെ മാത്രമേ സ്ഥലംമാററം നടത്താവൂ എന്ന വിധിയിൽ പ്രതിഷേധിച്ച് അവർ തന്നെ രൂപംകൊടുത്ത മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്ഥലംമാററംപോലും നടത്താൻ തയ്യാറാകുന്നില്ല.

ഈ സാഹചര്യത്തിൽ കോർപ്പറേററ് മാനേജ്മെൻറുകൾ സ്ഥലംമാററക്കാര്യത്തിൽ ഇന്ന് സ്വീകരിച്ചിരിക്കുന്ന അനിയന്ത്രിതമായ സ്വാതന്ത്ര്യം അവസാനിപ്പിച്ചേ തീരൂ. 1974-ലെ കേരള സർവ്വകലാശാലാ നിയമത്തിലും, 1975 ലെ കാലിക്കട്ട് സർവ്വകലാശാലാ നിയമത്തിലും അന്തർ സർവ്വകലാശാലാ സ്ഥലം മാററങ്ങൾ തടഞ്ഞുകൊണ്ടുള്ള 64-ാം വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. 1971 ലെ ഡയറക്ട് പേയ്മെൻറ് സമരത്തിൽ പങ്കെടുത്തതിന് പ്രൊഫ. ആർ. ആർ. സി. നായർ ഉൾപ്പെടെ പലരേയും എൻ. എസ്. മാനേജ്മെൻറ് സ്ഥലം മാററിയപ്പോൾ അതിനെതിരേ ഗവൺമെൻറും സർവ്വകലാശാലയും കൊടുത്ത നിർദ്ദേശങ്ങളെ മാനേജ്മെൻറ് നിരാകരിച്ചതും, തുടർന്നു നടന്ന നിയമയുദ്ധവും ഒക്കെ 64-ാം വകുപ്പ് യൂണിവേഴ്സിററി ആക്ടിൽ ഉൾപ്പെടുത്താനിടയാക്കിയ സംഭവങ്ങളാണ്. പക്ഷെ 64-ാം വകുപ്പ് ഒഴികെയുള്ള നിയമങ്ങളെ അന്ന് പ്രാബല്യത്തിൽ വരുത്തിയുള്ളൂ. അതേ സമയം ഗാന്ധിജി സർവ്വകലാശാലാ നിയമത്തിൽ ഈ വകുപ്പിന് തുല്യമായ 68-ാം വകുപ്പ് ഉൾപ്പെടുത്തി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിരിക്കുകയാണ്. 64-ാം വകുപ്പ് കേരള, കാലിക്കട്ട് സർവ്വകലാശാലാ നിയമങ്ങളിൽ കൂടി പ്രാബല്യത്തിൽ വരുത്തുകയാണ് സ്ഥലംമാററ ദ്രോഹത്തിന് ശാശ്വതമായ പരിഹാരം. 64-ാം വകുപ്പ് പ്രാബല്യത്തിൽ വരുത്തുന്നത് ഒരു പ്രധാന ഭേദഗതിയോടുകൂടിയായിരിക്കണമെന്ന് എ കെ പി സി ടി എ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ഇന്ന് സർവ്വീസിലുള്ള എല്ലാ അദ്ധ്യാപകർക്കും തങ്ങൾക്കിഷ്ടമുള്ള സർവ്വകലാശാലാ ഓപ്ററ് ചെയ്യാനും, സീനിയോറിട്ടി അനുസരിച്ച് ഓപ്ഷൻ നടപ്പാക്കിക്കിട്ടാനുമുള്ള ഭേദഗതിയാണ് വേണ്ടത്.

കോർപ്പറേററ് മാനേജ്മെൻറുകളുടെ കീഴിലുള്ള കോളേജുകളിലെ ജീവനക്കാരുടെ സ്ഥലംമാററത്തിന് 'സ്ററാട്യൂട്ടറി നോംസ്' ഉണ്ടാക്കുന്നതിൻെറ ഭാഗമായി കേരള, കാലിക്കട്ട് യൂണിവേഴ്സിററികൾ ചില നടപടികൾ തുടങ്ങി വച്ചിട്ടുണ്ട്. എത്രയും വേഗം ആ നടപടികൾ പൂർത്തിയാക്കി, ഗാന്ധിജി യൂണിവേഴ്സിററിയിലേയ്ക്കും അത് വ്യാപിപ്പിച്ചു 'സ്ററാട്യൂട്ടറി നോംസ്' ഉണ്ടാക്കണമെന്ന് സംഘടന ശക്തമായി മൂന്നു യൂണിവേഴ്സിററികളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിൽ എല്ലാ മേഖലകളിലും ശാസ്ത്രീയമായ മാനദണ്ഡങ്ങൾ ഉണ്ടാക്കി അതിൻെറ അടിസ്ഥാനത്തിലാണ് സ്ഥലം മാററങ്ങൾ നടത്തുന്നത്. കോർപ്പറേററ് മാനേജ്മെൻറിൻെറ കീഴിലുള്ള കോളേജുകളിലെ ജീവനക്കാർ മാത്രമാണ് ഈ സ്ഥലംമാററ ദുരിതം അനുഭവിക്കുന്നതെന്നുള്ളകാര്യം ഞങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തുന്നു.

---

**ഗാന്ധിജി യൂണിവേഴ്സിററി**
**അക്കാദമിക് കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ**
**എ കെ പി സി ടി എ — എ കെ ജി സി ടി**
**സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക**

# സംഘടിതശക്തിയുടെ വിജയം


കഴിഞ്ഞവർഷം ഈ സമയം വലിയൊരു പ്രക്ഷോഭണത്തിൽ കേരളം ഇളകി മറിയുകയായിരുന്നു. അന്നത്തെ സർക്കാരിന്റെ പ്രീഡിഗ്രി ബോർഡ് പരിഷ്കാരം ഉന്നത വിദ്യാഭ്യാസ രംഗത്തു മാത്രമല്ല എല്ലാ മേഖലകളിലും പ്രതിഷേധം ഉയർത്തി. സംഘടിതമായ ആ പ്രതിഷേധത്തിനു നേതൃത്വം നൽകിയ എ. കെ. പി. സി. ടി. എ യ്ക്ക് ഇന്നഭിമാനിക്കാൻ വകയുണ്ട്. വികലമായ പ്രീഡിഗ്രി ബോർഡ് ഇല്ലാതാക്കാൻ ആ സമര ശക്തിക്കു കഴിഞ്ഞു. കേരള രാഷ്ട്രീയത്തിൽ ഗുണപരമായ മാററം വരുത്താനും ആ സമരം കാരണമായി എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരത്തെ അന്നു പരിഹസിക്കാൻ നിന്ന പലരേയും ഞങ്ങൾ ഇപ്പോൾ ഓർത്തുപോവുകയാണ്. അദ്ധ്യാപകന്റെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ട ആ സമയത്ത് കരിങ്കാലിപ്പണിക്കുകയറിയ കുറച്ചദ്ധ്യാപകർ ഉണ്ടായിരുന്നല്ലോ. എ കെ. പി. സി. ടി. എ. പ്രവർത്തകർ തെരുവിൽക്കിടന്ന് പോലീസ് മർദ്ദനമേററ ആ നാളുകളിൽ വർഗ്ഗവഞ്ചനയ്ക്കു മുതിർന്ന അവർ ഇപ്പോഴെങ്കിലും ചിലതു പഠിക്കുമെന്ന് ഞങ്ങൾ ആശിക്കുന്നു. അദ്ധ്യാപകർ ഇന്നനുഭവിക്കുന്ന ഓരോ അവകാശത്തിന്റെയും പിന്നിൽ ത്യാഗപൂർണ്ണമായ ഇത്തരം സമരങ്ങളുണ്ടായിരുന്നുവെന്ന് അവർ മനസ്സിലാക്കണം.

മഴ തോർന്നാലും മരം പെയ്യും. പ്രീഡിഗ്രിബോർഡ് പോയെങ്കിലും അതോടനുബന്ധമായി അവശേഷിക്കുന്ന ചില പ്രശ്നങ്ങളുണ്ട്. സമരകാലത്ത് കേരള യൂണിവേഴ്സിററിയിലും മററും ബദൽ സംവിധാനമുണ്ടാക്കി പണം ധൂർത്തടിച്ചവരും, പരീക്ഷകളിൽ കൃത്രിമം കാണിച്ചവരും രക്ഷപ്പെടാൻ പാടില്ല. അവരെ രക്ഷിക്കാനായിരുന്നു കഴിഞ്ഞ സർക്കാർ ശ്രമിച്ചിരുന്നത്. ജാനകിഅമ്മ കമ്മീഷന്റെ അന്വേഷണ പരിധി ചുരുക്കിയതും മററും അതിനായിരുന്നു. എന്നാൽ അന്വേഷണ മേഖല വിപുലമാക്കിക്കൊണ്ട് പുതിയൊരു കമ്മിഷനെ നിയമിച്ചത് ആശ്വാസകരം തന്നെ. അന്ന് കേരള യൂണിവേഴ്സിററിയിൽ കരിങ്കാലിപ്പണിക്കു നിയമിക്കപ്പെട്ട 29 പേരെ പിരിച്ചുവിടാനുള്ള നടപടിയും നന്നായി. എന്നാൽ അദ്ധ്യാപകരുടെയും യൂണിവേഴ്സിററി ജീവനക്കാരുടേയും പേരിലുള്ള കള്ളക്കേസുകൾ ഇപ്പോഴും അവശേഷിക്കുന്നു. അവ എത്രയും വേഗം പിൻവലിക്കണമെന്ന് സർക്കാരിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു.

പ്രൈവററ് കോളേജദ്ധ്യാപക താൽപ്പര്യം എ. കെ. പി. സി. ടി. എയ്ക്കു മാത്രമേ സംരക്ഷിക്കാനാകൂ എന്ന് പ്രീഡിഗ്രി ബോർഡ് പ്രശ്നത്തിലൂടെ ഒരിക്കൽ കൂടി തെളിഞ്ഞിരിക്കുകയാണ്. സംഘടന കൂടുതൽ ശക്തിപ്പെടുത്താനും അവകാശ സമരപോരാട്ടം പൂർവ്വാധികം കരുത്തോടെ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ അദ്ധ്യാപകരോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ○

---

# ബഹു: മന്ത്രി എൻ. എം. ജോസഫിന് അനുമോദനങ്ങൾ



കേരള ഗവൺമെന്റിൽ വനംവകുപ്പുമന്ത്രിയായി നിയമിതനായ പ്രൊഫ. എൻ. എം. ജോസഫിന് എ. കെ. പി. സി. ടി. എ യുടെ ഹാർദ്ദവമായ അനുമോദനങ്ങൾ. പാലാ സെന്റ് തോമസ് കോളേജിൽ എക്കണോമിക്സ് പ്രൊഫസറായ എൻ. എം. ജോസഫ് ദീർഘകാലം എ. കെ. പി. സി. ടി. എ. പ്രവർത്തകസമിതി അംഗമായും, ജനറൽ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

# എ. കെ. പി. സി. ടി. എ.
# 1987-ലെ ഭാരവാഹികൾ

| | |
|---|---|
| 1. പ്രസിഡൻറ് | പ്രൊഫ. വി. നാരായണൻകുട്ടി, ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട് |
| 2. വൈസ് പ്രസിഡൻറ് | ഡോ. എം. സി. ചാക്കോ, സി. എം. എസ് കോളേജ്, കോട്ടയം |
| 3. ജനറൽ സെക്രട്ടറി | പ്രൊഫ. പി. നരേന്ദ്രൻ, എൻ. എസ്. എസ്. കോളേജ്, നിലമേൽ |
| സെക്രട്ടറിമാർ | 4. പ്രൊഫ. ബി. രാധാകൃഷ്ണൻ, എം. എസ്. എം. കോളേജ്, കായംകുളം |
| | 5. പ്രൊഫ. ജോയ്. ജെ. കുളവേലിൽ, യു. സി. കോളേജ്, ആലുവ |
| | 6. പ്രൊഫ. എം. സലിം, ഫറൂക്ക്, കോഴിക്കോട് |
| 7. ട്രഷറർ | പ്രൊഫ. എസ്. വിശ്വനാഥൻ, എസ്. എൻ. കോളേജ്, വർക്കല |

## ജില്ലാ സെക്രട്ടറിമാർ

| | |
|---|---|
| 1. തിരുവനന്തപുരം | പ്രൊഫ. ടി. എൻ. രാമൻപിള്ള, വി. ടി. എം. എൻ. എസ്. എസ്. കോളേജ് ധനുവച്ചപുരം. |
| 2. കൊല്ലം | പ്രൊഫ. ഹരിമോഹനൻപിള്ള, ഡി. ബി. കോളേജ്, ശാസ്താംകോട്ട |
| 3. പത്തനംതിട്ട | പ്രൊഫ. പി. ജി. ചന്ദ്രശേഖരൻ നായർ ഡി. ബി. പമ്പാ കോളേജ്, പരുമല |
| 4. ആലപ്പുഴ | ശ്രീ. ശശിധരൻ, എസ്. എൻ. കോളേജ്, ചേർത്തല |
| 5. കോട്ടയം, ഇടുക്കി | പ്രൊഫ. ജോർജ് സെബാസ്റ്റ്യൻ കെ. ഇ. കോളേജ്, മാന്നാനം |
| 6. എറണാകുളം | പ്രൊഫ. എം. എ. ജോൺ, സെൻറ് ആൽബേർട്ട്സ് കോളേജ് എറണാകുളം |
| 7. തൃശൂർ | പ്രൊഫ. എ. എം. കൃഷ്ണൻ, എസ്. എൻ. കോളേജ്, നാട്ടിക |
| 8. പാലക്കാട് | ഡോ. പി. എസ്. പണിക്കർ, എൻ. എസ്. എസ്. കോളേജ് നെന്മാറ |
| 9. മലപ്പുറം | ശ്രീ. എ. ശിവരാമൻ, എൻ. എസ്. എസ്. കോളേജ്, മഞ്ചേരി |
| 10. കോഴിക്കോട്, വയനാട് | ശ്രീ. വി. രാജഗോപാൽ, മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട് |
| 11. കണ്ണൂർ, കാസർഗോഡ് | പ്രൊഫ. ഇ. ദാമോദരൻ, പയ്യന്നൂർ കോളേജ്, പയ്യന്നൂർ |

## വർക്കിംഗ് കമ്മററിയിലേക്ക് നോമിനേററ് ചെയ്യപ്പെട്ടവർ

1. പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, എസ്. എൻ. കോളേജ്, ചേർത്തല
2. ,, കെ. ജി. കെ. പിള്ള, എസ്. ഡി. കോളേജ് ആലപ്പുഴ
3. ,, അബ്ദുൾ മജീദ്, സർ സെയ്യദ് കോളേജ്, തളിപ്പറമ്പ്
4. ,, എം. മുരളീധരൻ, സെൻറ് തോമസ് കോളേജ്, തൃശൂർ
5. ,, കെ. പി. ദിവാകരൻ നായർ, വി. ററി. എം. എൻ. എസ്. എസ്. ധനുവച്ചപുരം
6. ,, ടി. കെ. തോമസ്, സെൻറ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി

## ലെയിസൻ ഓഫീസർമാർ

1. പ്രൊ. എസ്. വിശ്വനാഥൻ കേരള സർവ്വകലാശാല
2. ഡോ. എം. സി. ചാക്കോ ഗാന്ധിജി സർവ്വകലാശാല
3. ,, എം സലിം കോഴിക്കോട് സർവ്വകലാശാല
4. ,, ടി. എൻ. രാമപിള്ള കേരള സെക്രട്ടറിയേററ്
5. ,, കെ.പി. ദിവാകരൻനായർ ഡി. സി. ഇ ഓഫീസ്
6. ,, ഹരിമോഹനൻ പിള്ള ഡെ: ഡി. സി. ഇ. ഓഫീസ് കൊല്ലം
7. ,, ജോർജ് സെബാസ്ററ്യൻ ഡെ: ഡി. സി. ഇ. ഓഫീസ് കോട്ടയം
8. ,, എം. എ. ജോൺ ഡെ: ഡി. സി.ഇ.ഓഫീസ് തൃപ്പൂണിത്തുറ
9. ,, എ. എം. കൃഷ്ണൻ ഡെ: ഡി. സി. ഇ ഓഫീസ് തൃശൂർ
10. ,, ശ്രീ.വി. രാജഗോപാലൻ ഡെ: ഡി. സി. ഇ. ഓഫീസ് കോഴിക്കോട്

## പബ്ലിസിററി ഓഫീസർമാർ

1. പ്രൊഫ ജോയ് കുളവേലിൽ എറുണാകുളം
2. ,, എം. സലിം കോഴിക്കോട്
3. ,, ജോർജ് സബാസ്ററ്യൻ കോട്ടയം
4. ,, ആർ. രവീന്ദ്രൻ നായർ തിരുവനന്തപുരം

## സർവ്വകലാശാലാ സിണ്ടിക്കേററുകളിലെ സംഘടനാ പ്രതിനിധികളെ സഹായിക്കാനുള്ള കമ്മററി

കേരള സർവ്വകലാശാല
- പ്രൊഫ. പി. നരേന്ദ്രൻ
- ,, എസ്. വിശ്വനാഥൻ
- ,, ബി. രാധാ കൃഷ്ണൻ
- ,, ടി. എൻ. രാമൻ പിള്ള

കാലിക്കട്ട് സർവ്വകലാശാല
- ,, വി. നാരായണൻ കുട്ടി
- ,, എം. സലിം
- ,, ശ്രീ. എ. ശിവരാമൻ
- ,, ശ്രീ. വി. രാജഗോപാൽ

---

**അടുത്തലക്കം ജേർണലിൽ യൂണിവേഴ്സിററി നിയമങ്ങളെക്കുറിച്ച് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ എഴുതുന്നു**
**പ്രൈവററ് കോളേജ് അധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ പ്രൊഫ. പി. നരേന്ദ്രൻെറ ലേഖനം തുടരുന്നു.**

# എ കെ. പി. സി. ടി. എ. ഓഫീസ് ഉത്ഘാടനം

ഏറെക്കാലമായി എ. കെ. പി. സി. ടി. എ പ്രവർത്തകർ ആഗ്രഹിച്ചിരുന്ന കാര്യം കഴിഞ്ഞ മെയ് 11 ന് സഫലീകൃതമായി—സംഘടനയുടെ സംസ്ഥാന കമ്മിററി ഓഫീസ് തിരുവനന്തപുരത്ത് അംബുജവിലാസം. റോഡിലുള്ള T C 28/406 കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. എ. കെ.പിസി. ടി.എ യുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനായ പ്രൊഫ. ആർ. ആർ. സി. യാണ് ഓഫീസ് ഉത്ഘാടനം ചെയ്തത്. ഓഫീസ് ഒരാഡംബരമായിരിക്കരുത്; അത് പ്രവർത്തനക്ഷമമായിരിക്കണം; മററു സർവ്വീസ്, ബഹുജനസംഘടനകളുമായി ബന്ധപ്പെടാനുള്ള ഉപാധിയായിരിക്കണം—പ്രൊഫ.ആർ. ആർ. സി. ഉത്ഘാടന പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. യോഗത്തിൽ എസ്. എസ്. പോററി അധ്യക്ഷനായിരുന്നു യൂണിവേഴ്സിററി എംപ്ലോയീസ് യൂണിയൻ പ്രസിഡൻറ് ജി. സോമഖേരൻ നായർ, എൻ. ജി. ഒ. യൂണിയൻ വൈസ്പ്രസിഡൻറ് സ; ആനന്ദൻ, കെ. ജി. ടി എ.സെക്രട്ടറി സി. എൻ. ദേവദാസ്, സെൻട്രൽ ഗവൺമെൻറ് എംപ്ലോയിസ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ബാലകൃഷ്ണൻ, സെക്രട്ടറിയേററ് എംപ്ലോയിസ് അസ്സോസിയേഷൻ പ്രസിഡൻറ് ഗോപിനാഥൻ നായർ, കെ. എം. എസ്ആർ. എ.നേതാവ് മധു, എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. യോഗത്തിൽ എ കെ. പി. സി. ടി എ ജനറൽ സെക്രട്ടറി പി. നരേന്ദ്രൻ സ്വാഗതവും ട്രഷറർ എസ്. വിശ്വനാഥൻ കൃതജ്ഞതയും പറഞ്ഞു. ധാരാളം കോളേജ് അധ്യാപകരും, വിവിധ സംഘടനാ നേതാക്കളും യോഗത്തിൽ പങ്കെടുത്തു.



ബോംബേയിൽ നടന്ന ഐഫക്ടോ ജനറൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്ത എ. കെ. പി. സി. ടി. എ. — എ. കെ. ജി. സി. ടി. പ്രതിനിധികൾ.

# എ. കെ. പി. സി. ടി. ക്ഷേമനിധിവിതരണം:



സർവീസിലിരിക്കെ അന്തരിച്ച പ്രൊഫ. കെ. പി. തോമസ്, പ്രൊഫ. പി. എൻ. ഗോപാലൻ നമ്പൂതിരി, പ്രൊഫ. മോഹനവർമ്മരാജ എന്നിവരുടെ ആശ്രിതർക്കുള്ള ധനസഹായം (പതിനായിരം രൂപാവീതം) സംസ്ഥാന സമ്മേളനത്തിൽവച്ച് ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ. ചന്ദ്രശേഖരൻ വിതരണം ചെയ്യുന്നു.

# പ്രൈവററ് കോളേജ് അദ്ധ്യാപക സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

പ്രൊഫ. പി. നരേന്ദ്രൻ
ജനറൽ സെക്രട്ടറി
എ കെ പി സി ടി എ

ഇന്ത്യയിലാദ്യമായി നിയമാധിഷ്ഠിത സേവന ഭദ്രത നേടിയെടുത്തത് കേരളത്തിലെ പ്രൈവററ് കോളേജദ്ധ്യാപകരാണ്. 1958-ൽ രൂപീകൃതമായ എ. കെ. പി. സി. ടി. എ. യുടെ കൊടിക്കീഴിലണിനിരന്നാണ് നാം ഇന്നനുഭവിക്കുന്ന നേട്ടങ്ങളത്രയും ഉണ്ടാക്കിയത്. നിഗ്രഹാനുഗ്രഹ ശക്തിയുണ്ടായിരുന്ന സ്വകാര്യമാനേജ്മെൻറുകളെ നിയമത്തിൻെറ വരുതിക്ക് കൊണ്ടുവരുവാൻ നാം സംഘടിപ്പിച്ച പ്രക്ഷോഭസമരങ്ങൾ നിരവധിയാണ്. ഒന്നരവ്യാഴവട്ടക്കാലത്തെ അക്ഷീണമായ സമരങ്ങളിലൂടെയാണ് - സമരേതിഹാസങ്ങളിലൂടെയാണ് ഇതൊക്കെയും കൈവരിക്കാൻ നമുക്ക് കഴിഞ്ഞത്. എന്നാൽ കഴിഞ്ഞ ഒരുപതിററാണ്ടുകാലമായി നാം നേടിയതിൽ കാതലായ ചിലതെല്ലാം നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നു. ഇക്കാലഘട്ടത്തിൽ നമ്മൾ ഒന്നും നേടിയിട്ടില്ലെന്നല്ല. സാമ്പത്തികാനുകൂല്യങ്ങളുടെ കാര്യത്തിൽ അഭിമാനിക്കാൻ കഴിയുന്ന നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഇനി ഒരിക്കലും നഷ്ടപ്പെടുകയില്ലന്ന് നാം ഉറക്കെ വിശ്വസിച്ചിരുന്ന സേവനഭദ്രത ക്രമേണ കൈവിട്ടുപോയിക്കൊണ്ടിരിക്കുന്നു. ഈ അപകടം അദ്ധ്യാപക സമൂഹം ഗൗരവബുദ്ധ്യാ കണക്കിലെടുക്കുന്നില്ല എന്നത് ദുഃഖകരമായ ഒരു സത്യമാണ്. അറുപതുകളിലെ നേട്ടങ്ങളുടെ ഫലമായി ഒരു പരിധിവരെ സ്വകാര്യ മാനേജ്മെൻറുകളെ നിയന്ത്രിച്ചിരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എ. കെ. പി. സി. ടി. എ. ക്ക് ഇത് അഭിമാനാർഹമായ ഒന്നാണ്.

ഡയറക്ട്പേമെൻറും, റിട്ടയർമെൻറാനുകൂല്യങ്ങളും. അതിനുമുമ്പുതന്നെ നാം നേടിയെടുത്ത നിയമാധിഷ്ഠിത സേവന ഭദ്രതയും സർവോപരി ശക്തമായ സംഘടനയും അദ്ധ്യാപക സമൂഹത്തിൽ അമിതമായ ആത്മ വിശ്വസം ജനിപ്പിക്കാനിടയാക്കി. ഇത് നമ്മിൽ അലസതയും സുഖലോലുപതയും വളർത്താൻസഹായിച്ചു. സർവ്വകലാശാലാ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ നമുക്ക് കൈവരിക്കാൻ കഴിഞ്ഞ തിളക്കമാർന്ന വിജയങ്ങൾ നമ്മിൽ ചിലരിലെങ്കിലും പാർലമെൻററി വ്യാമോഹങ്ങൾ വളർത്തി. സംഘടിത പ്രസ്ഥാനത്തിൻെറ ശബ്ദം പ്രതിഫലിപ്പിക്കാനുതകുന്നവരായിരിക്കണം ഈ സമിതികളിലെ നമ്മുടെ പ്രതിനിധികൾ എന്നതിനുപകരം ചില വ്യക്തികളെ ആദരിക്കുവാനുള്ള പദവികളായി ഈ സ്ഥാനങ്ങളെ കാണാൻ തുടങ്ങി. സ്വാർത്ഥമോഹികൾക്കുള്ള ഏണിപ്പടിയായി സംഘടനയെ തരംതാഴ്ത്താനും നേട്ടങ്ങളുടെ വമ്പൻ പട്ടിക നിരത്തിവച്ച് അദ്ധ്യാപക സമൂഹത്തെയാകെ സുഖസംതൃപ്തിയിലാക്കാനുമുള്ള ബോധപൂർവമായ ഒരു ശ്രമം തന്നെ ചിലകേന്ദ്രങ്ങൾ ആരംഭിച്ചതും വിസ്മരിക്കാവുന്നതല്ല. ഇതൊക്കെയാണ് എഴുപതുകളുടെ മദ്ധ്യത്തോടെ തുടങ്ങിയ പിളർപ്പൻ ശ്രമങ്ങൾക്ക് കാരണം. എല്ലാ സംഘടിത പ്രസ്ഥാനങ്ങൾക്കും എക്കാലവും എതിരായി നിന്നിട്ടുള്ള പ്രസിദ്ധീകരണങ്ങളുടെ സഹായവും ഇവർക്ക് നിർല്ലോഭം ലഭിക്കുന്നുണ്ട് ഇതൊക്കെയാണെങ്കിലും വിഘടിത വിഭാഗങ്ങൾക്ക് അദ്ധ്യാപക സമൂഹത്തിൽ കാര്യമായ സ്വാധീനം നേടിയെടുക്കാൻ ഇന്നോളം കഴിഞ്ഞിട്ടില്ല എന്നുള്ളത് പ്രത്യാശക്ക് വക നൽകുന്നു. സ്വാർത്ഥമതികൾക്ക് ജാതിയുടെയും മതത്തിൻെറയും പേരിൽ അ

അദ്ധ്യാപകരെ വിഘടിപ്പിക്കുവാനും ഒരു ചെറി യ വിഭാഗത്തെ മാനേജ്മെൻറ് പക്ഷപാതി കളാക്കുവാനും കഴിഞ്ഞിട്ടുണ്ട് എന്ന വസ്തുത വിസ്മരിക്കുന്നില്ല. കൂട്ടത്തിൽ, അവഗണി ക്കാനാവാത്ത ഒരു വിഭാഗം അദ്ധ്യാപകരിൽ സംഘടിത ശക്തിയിലുള്ള വിശ്വാസം നഷ്ട പ്പെടുത്തുന്നതിനും ഇത് ഇടയാക്കിയിട്ടുണ്ട്.

എ. കെ. പി. സി. ടി. എ. യുടെ കരു ത്തിൻെറ മുമ്പിൽ അറുപതുകളിൽ മാനേജ്മെ ൻറുകൾ മാളങ്ങളിലൊളിക്കാൻ നിർബന്ധിത രായി.പക്ഷേ വിഘടിത ഗ്രൂപ്പുകളുടെ, സ്വാ ർത്ഥമതികളുടെ, പ്രവർത്തന ഫലമായി എഴു പതുകളുടെ മദ്ധ്യത്തോടെ മാനേജ്മെൻറുകൾ ക്ക് ക്രമേണ കരുത്താർജ്ജിക്കാൻ കഴിഞ്ഞിരി ക്കുന്നു. ഇതുമൂലം നമുക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളിൽ ചിലതെല്ലാം നഷ്ടപ്പെട്ടി രിയുകയാണ്- നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നഷ്ടപ്പെട്ടത് വീണ്ടെടുക്കുവാനും, കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനും ഏകമാർഗ്ഗം ശക്തമായ പ്രസ്ഥാനം മാത്രമാണ്. മുഴുവൻ സ്വകാര്യ കോളജദ്ധ്യാപകരേയും എ.കെ.പി. സി. ടി. എ. യുടെ കൊടിക്കീഴിൽ അണി നിരത്തുന്നതിലൂടെ മാത്രമേ ഇത് പ്രാവർത്തി കമാക്കാൻകഴിയൂ.

## I കേരള കാലിക്കട്ട് ഗാന്ധിജി സർവകലാശാലാ നിയമങ്ങളിൽ സേവന ഭദ്രത ഉറപ്പുവരുത്തുന്ന തിന് വേണ്ട ഭേദഗതികൾ

മേൽ സൂചിപ്പിച്ച നിയമങ്ങളിലെ 8.ാം അദ്ധ്യായം സ്വകാര്യ കോളേജദ്ധ്യാപകരുടെ മാഗ്നാകാർട്ടാ എന്നു വരെ വിശേഷിപ്പിക്ക പ്പെട്ട ഒന്നാണ്. ഗാന്ധിജി സർവകലാശാലാ നിയമത്തിലെ 8.ാം അദ്ധ്യായം അദ്ധ്യാപകർ ക്ക് ദ്രോഹകരമായ ചില വകുപ്പുകൾ ഉൾക്കൊ ള്ളുന്നവയാണ്. എന്നിരുന്നാലും പൊതുവേ സ്വകാര്യ കോളേജദ്ധ്യാപകർക്ക് നിയമാധി ഷ്ഠിത സേവന ഭദ്രത ഉറപ്പുവരുത്തുന്നത് ഈ അദ്ധ്യായത്തിലെ വകുപ്പുകളാണ്. എന്നാൽ നിയമങ്ങളിലൂടെ ലഭ്യമായ പരിരക്ഷകൾ കോ ടതി വിധികൾമൂലം ക്രമേണ നഷ്ടപ്പെട്ടുകൊ ണ്ടിരിക്കുന്നു. എഴുപതുകളുടെ മദ്ധ്യത്തോടെ ഇതിന് തുടക്കം കുറിച്ചെങ്കിലും നഷ്ടപ്പെട്ടു പോയ വകുപ്പുകൾ പുനഃസ്ഥാപിക്കാനുള്ള നമ്മുടെ ശ്രമം ഇനിയും വിജയിച്ചിട്ടില്ല.

കേരള/കാലിക്കട്ട് സർവകലാശാലാ നിയ മങ്ങളിലെ 57(6) ഉപവകുപ്പ്, സ്വകാര്യ കോളേ ജുകളിൽ നിയമനം ലഭിച്ച്, തസ്തിക ഇല്ലാ താകുന്നതുമൂലം പിരിഞ്ഞു പോകേണ്ടതായി വരുന്ന അദ്ധ്യാപകർക്ക് പിന്നീടുണ്ടാകുന്ന തസ്തികകളിൽ നിയമനം ലഭിക്കാൻ മുൻഗണ ന നൽകുന്നു. ആ നിലയിൽ അദ്ധ്യാപകരുടെ സേവന ഭദ്രത ഉറപ്പുവരുത്താൻ ഉതകുന്ന ഒരു സുപ്രധാനമായ വകുപ്പാണ് 57(6). എന്നാൽ താൽക്കാലിക തസ്തികയിൽ നിയമനം ലഭി ക്കുന്ന ഒരദ്ധ്യാപകന് ആ തസ്തിക നില നിൽക്കുമ്പോൾ തന്നെയോ, താൽക്കാലിക ത സ്തികയുടെ കാലാവധിക്കു ശേഷമോ, ഉണ്ടാ കുന്ന താത്ക്കാലികമോ, സ്ഥിരമോ ആയ ത സ്തികക്ക് അവകാശമോ, മുൻഗണനയോ നൽകുന്നതിന് 57(6) ഉപവകുപ്പ് അപര്യാ പ്തമാണെന്ന് കേരള ഹൈക്കോടതി 1980-ൽ വിധിക്കുകയുണ്ടായി. വകുപ്പ് അനുശാസി ക്കുന്ന മുൻഗണന നൽകലാണ് നിയമസഭ ഉദ്ദേശിച്ചിരുന്നതെങ്കിൽ 57(6) ഉപവകുപ്പ് കെ. ഇ. ആർ ലെ വ്യവസ്ഥകൾക്ക് സമാനമാ യി ഭേദഗതി ചെയ്യേണ്ടതുണ്ടെന്ന് കോടതി വ്യ ക്തമാക്കി. നിയമത്തിൻെറ അപര്യാപ്തത സ്വകാര്യ മാനേജ്മെൻറുകൾ ദുർവിനിയോഗം ചെയ്യുന്ന സാഹചര്യം അവസാനിപ്പിക്കണമെ ന്നു ഹൈക്കോടതി നിർദ്ദേശിച്ചു.

1980-ലെ ഈ വിധിയെ തുടർന്ന് പലമാ നേജ്മെൻറുകളും പിരിച്ചുവിടൽ നിർബാധം നടത്തിവരികയാണ്. ഇരിങ്ങാലക്കുട സെൻറ് ജോസഫ്സ് കോളേജ് മാനേജ്മെൻറാണ് ഇ ക്കാര്യത്തിൽ തുടക്കം കുറിച്ചത്. 4 കോളേജുക ളുടെ ഉടമസ്തതയുള്ള സി. എം. സി മാനേ ജ്മെൻറ് എല്ലാ വർഷവും അദ്ധ്യാപികമാരെ പിരിച്ചയച്ചുകൊണ്ടിരിക്കുകയാണ്. ബി. എ എം. കോളേജ് തുരുത്തിക്കാട്-ശ്രീ. കെ. പി. മാത്യു-ഭാരതമാതാ കോളേജ്, തൃക്കാക്കര എന്നിവിടങ്ങളിലെ പിരിച്ചുവിടപ്പെട്ട അദ്ധ്യാ പകരുടെ പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു. തളിപ്പറമ്പ സർസയ്യദ് കോളേജിൽ ജൂനിയ റായ അദ്ധ്യാപകരെ നിലനിർത്തിക്കൊണ്ട് സീനിയറായ അദ്ധ്യാപകരെ പിരിച്ചുവിടാനു ള്ള ശ്രമം നാം നടത്തിയ സമരത്തിൻെറ ഫലമാ

യി ഉപേക്ഷിക്കാൻ മാനേജ്മെൻറ് നിർബന്ധിതമായി.

ഹൈക്കോടതി വിധിമൂലം ഉണ്ടായ ഈ ഭീഷണി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നാം നടത്തിയിട്ടുള്ള പ്രക്ഷോഭണങ്ങൾ നിരവധിയാണ്. നിരന്തരമായ പോരാട്ടങ്ങളുടേയും നിവേദനങ്ങളുടേയും ഫലമായി 1981-ൽ കേരള സർക്കാർ ഹൈക്കോടതി നിർദ്ദേശങ്ങളുൾക്കൊള്ളിച്ചുകൊണ്ട് 1981ലെ 92-ാം നമ്പരായി ഒരു ബിൽ പ്രസിദ്ധീകരിക്കയുണ്ടായി എന്നാൽ പ്രസ്തുത ബിൽനിയസഭയിലവതരിപ്പിക്കുവാനും പാസ്സാക്കി നിയമമാക്കുവാനും ആ സർക്കാരിന് കഴിഞ്ഞില്ല.

പിന്നീട് വന്ന സർക്കാർ ഇക്കാര്യത്തിൽ തികഞ്ഞ അലംഭാവമാണ് കാണിച്ചത്. വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ് പല പ്രാവശ്യം നിയമസഭയിൽ ഉറപ്പു നൽകിയെങ്കിലും അത് പാലിക്കാൻ തയ്യാറായില്ല. പല വനിതാ കോളേജുകളിലും സംഘടന ദുർബലമായ കോളേജുകളിലും, പിരിച്ചുവിടൽ ഇപ്പോഴും തുടരുന്നു. ഇതു സംബന്ധിച്ചുള്ള ശ്രീ. കെ.പി. മാത്യുവിൻെറ കേസ് ഇപ്പോൾ സുപ്രീം കോടതിയിലാണ്. സി.എം.സി. മാനേജ്മെൻറിലെ പിരിച്ചുവിടലുമായി ബന്ധപ്പെട്ട കേസുകളിലെ ഹൈക്കോടതി വിധിക്കെതിരെ കാലിക്കട്ട് സർവകലാശാല സുപ്രീം കോടതിയിൽ അപ്പീൽ പോകാൻ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ രണ്ടു കേസിലും കക്ഷി ചേരാൻ എ.കെ.പി.സി.ടി.എ. പ്രവർത്തക സമിതിയും സംസ്ഥാന കമ്മിററിയും തീരുമാനിച്ചുകഴിഞ്ഞു. മാനേജ്മെൻറുകളുടെ അമിതാധികാരം ഇല്ലായ്മചെയ്യുന്നതിനും സ്വകാര്യ കോളേജദ്ധ്യാപകരുടെ സേവന ഭദ്രത ഉറപ്പു വരുത്തുന്നതിനും 57(6) ഉപ വകുപ്പ് 92-ാം നമ്പർ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ ഭേദഗതി ചെയ്യേണ്ടതുണ്ട്. അതോടൊപ്പം തന്നെ ഈ ഭേദഗതികൾക്കു പൂർവ്വകാല പ്രാബല്യം നൽകുന്നതിനും, ഒരിക്കൽ തീർപ്പായ കേസുകളുൾപ്പെടെ പുനഃപരിശോധിക്കാനുള്ള അവകാശവും ഭേദഗതി നിയമത്തിൽ ഉൾക്കൊള്ളിക്കേണ്ടതുമുണ്ട്.

ഇക്കാര്യം നേടിയെടുക്കാൻ എ. കെ. പി. സി. ടി. എ. സർക്കാരിന് നിവേദനം സമർപ്പിച്ചുകഴിഞ്ഞു. ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ നിയമ ഭേദഗതി പാസ്സാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും നാം ആവശ്യപ്പെട്ടിട്ടുണ്ട്.

നിവേദനം കൊണ്ടുമാത്രം നമ്മുടെ ഈ ആവശ്യം ഉടനടി അംഗീകരിച്ചുകിട്ടുമെന്നുറപ്പാക്കാൻ കഴിയുകയില്ല നമ്മുടെ സംഘടിത ശക്തിയുടെ ബലത്തിലൂടെ മാത്രമേ ഇത് സാദ്ധ്യമാകുകയുള്ളൂ.

2. മറെറാരു ഹൈക്കോടതി വിധിമൂലം സർവ്വകലാശാലാ നിയമങ്ങളിലെ 60(5) 60(7) എന്നീ ഉപവകുപ്പുകളും ഭാഗികമായി അസ്ഥിരപ്പെട്ടുപോയിരിക്കുകയാണ്. ശിക്ഷണ നടപടികൾ, ആരംഭിക്കുന്ന തീയതി മുതൽ മൂന്നു മാസത്തിനകമോ, അതല്ലെങ്കിൽ വൈസ്ചാൻസലറുടെ മുൻകൂട്ടിയുള്ള അനുവാദത്തിൽ അദ്ദേഹം അനുവദിക്കുന്ന അധിക സമയ പരിധിക്കുള്ളിലോ പൂർത്തീകരിക്കണമെന്നനുശാസിക്കുന്നതാണ് 60(5) ഉപവകുപ്പ്. സമയം നീട്ടിക്കൊടുക്കുന്നതിന്മുമ്പ് വൈസ് ചാൻസലർ രണ്ടു കക്ഷികളുടേയും അഭിപ്രായങ്ങൾ കേൾക്കണമെന്നും നിയമം അനുശാസിക്കുന്നു.

മാനേജ്മെൻറ് നിശ്ചയിക്കുന്ന ശിക്ഷണ നടപടിക്കെതിരെ പരാതിയുണ്ടെങ്കിൽ അത് സർവകലാശാലാ അപ്പലേററ് ട്രൈബ്യൂണലിൽ ബോധിപ്പിക്കാൻ അനുവദിക്കുന്ന വകുപ്പാണ് 60(7). ഈ രണ്ടു വകുപ്പുകളും ''അപ്പീൽ അതോറിററിക്ക്'' അനിയന്ത്രിതമായ അധികാരം നൽകിയിരിക്കുന്നതിനാൽ ഭരണഘടനയുടെ 30(1) ഖണ്ഡിക ന്യൂനപക്ഷ സമുദായങ്ങൾക്ക് വാഗ്ദാനം ചെയ്യുന്ന പ്രത്യേകാവകാശത്തെ ഹനിക്കുന്നു എന്നും, ആയതുകൊണ്ട് ഈ രണ്ടു വകുപ്പുകളും ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ബാധകമായിരിക്കുകയില്ലെന്നും ഹൈക്കോടതി വിധിക്കുകയുണ്ടായി. ഈ വിധിമൂലം ന്യൂനപക്ഷ സമുദായങ്ങളുടെ ഉടമസ്ഥതയിലുള്ള കോളേജുകളിലെ അദ്ധ്യാപകർക്ക്, അവർ ന്യൂനപക്ഷ സമുദായാംഗങ്ങളാണെങ്കിൽ പോലും, ശിക്ഷണ നടപടികൾക്ക് വിധേയരായാൽ അതിനെതിരെ അപ്പീൽ കൊടുക്കാനുള്ള അവകാശം ഇന്നില്ലാതായിരിക്കുന്നു സ്വകാര്യകോളേജ് മാനേജ്മെൻറുകൾ ഈ പഴുതുപയോഗിക്കുന്നില്ലെങ്കിൽ അതിനു കാരണം ഇന്നും നില

(ശേഷം 26-ാം പേജിൽ)

# അന്തർ സർവകലാശാലാസ്ഥലംമാററം തടയുക

The Hon' ble Chief Minister,
Government of Kerala,
Trivandrum,
3-6-'87.

Sir,

Sub: Inter-University transfers effected by the Corporate management of N. S. S. in violation of all accepted norms-Mass Victimisation of teachers belonging to AKPCTA on political Vendetta-Immediate intervention on the part of Government-Request for.

The All Kerala Private College Teachers' Association has the honour to submit the following for your immediate consideration and favourable orders

The transfers under the Corporate managements have been a matter of controversy for long. Of the two corporate managements that own colleges affiliated to all the three affiliating universities in the state, today, the N. S. S. alone resort transfer for victimising teachers and employees for reasons quite extraneous to academic interests. In the case of S. N. Trust, the other Corporate management, transfers are restricted by an order of the Hon. High Court of Kerala. The S. N Trust has to obtain the prior sanction of the Court for effecting transfers and postings.

The N.S.S. is a Corporate educational agency which owns 14 Colleges streching from Mattannur in Cannanore District to Neyyattinkara in Trivandrum District. (Five of them affiliated to University of Calicut, two to Gandhiji University and seven to the University of Kerala.) Section 54 of the Kerala, Calicut and Gandhiji University Acts stipulates that the management shall constitute a managing council for all the private colleges under its management" for each university area. In spite of the fact that the Division Bench of the Hon. High Court of Kerala has unequivocally declared that the constitution of the 'Governing Body' or 'Managing Council' is an essential condition for affiliation, the N. S. S. management has not cared to comply with the provisions of the Acts. This management is notorious for mis-management, malpractice, corruption and maladministration. It is a habit for this management to flout all directions and instructions issued by the universities. It's style of functioning is that of a feudal lord.

Yesterday ie on 2-6-1987 the management has brought out a transfer list transfering more than 150 teachers,though transfers in some departments are yet to be effected.

In this respect we may be permitted to state that there exists no norms for transfer under the corporate management of N. S. S. Majority of transfers are for penalising the teachers who refuse to toe its political line. A large number of teachers who have served for long periods in Malabar Colleges are again transferred to far off colleges and Malabar Colleges. All these are done because of their active participation in AKPCTA activities. Instances of transfers for the sake of transfers'

(Contd page 16)

# എ കെ പി സി ടി എ

## ഈ വർഷത്തെ പ്രവർത്തന പരിപാടി

പ്രൊഫ. വി. നാരായണൻ കുട്ടി
പ്രസിഡൻറ് എ കെ പി സി ടി എ

### 1. മെമ്പർഷിപ്പ്.

ജൂൺ ജൂലായ് മാസങ്ങൾ മെമ്പർഷിപ്പ് പ്രചരണമാസങ്ങളായി കണക്കാക്കുകയും മെമ്പർഷിപ്പ് പ്രവർത്തനം 10-8-87 നു അവസാനിപ്പിക്കുകയും വേണം.

തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശൂർ ജില്ലകളിൽ 10 ശതമാനവും മററു ജില്ലകളിൽ 5 ശതമാനവും മെമ്പർഷിപ്പ് വർദ്ധിപ്പിക്കുവാൻ സാധിക്കണം.

താഴെ പറയുന്ന കോളേജുകളിൽ പുതിയ യൂനിററുകൾ രൂപീകരിക്കുവാൻ കഴിയണം.

1. ആൾ സെയ്ൻറ്സ് കോളേജ്, തിരുവനന്തപുരം.
2. സെൻറ് സേവിയേഴ്സ് കോളേജ്, തുമ്പ
3. എസ്. ബി. കോളേജ്, ചങ്ങനാശ്ശേരി
4. ന്യൂമാൻസ് കോളേജ്, തൊടുപുഴ.
5. കുറവിലങ്ങാട്.
6. വിമലാ കോളേജ്, തൃശൂർ.
7. ഇ. എം. ഇ. എ. കോളേജ്, കൊണ്ടോട്ടി.

### 2. കോർപ്പറേററ് മാനേജ്മെൻറുകളിലെ സ്ഥലംമാററപ്രശ്നം

കോർപ്പറേററ് മാനേജ്മെൻറുകളുടെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥലം മാററത്തിന് ശാസ്ത്രീയമായ മാനദണ്ഡം ഉണ്ടാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ദീർഘ നാളുകളായി അതിനുവേണ്ടി സംഘടന, പല തരത്തിലുള്ള പ്രക്ഷോഭസമരങ്ങൾ നടത്തിയെങ്കിലും, ഈ പ്രശ്നത്തിന് ഇതുവരെ ശാശ്വതമായ ഒരു പരിഹാരം ഉണ്ടായിട്ടില്ല. ഇതിനാവശ്യമായ സത്വര നടപടികൾ അടിയന്തിരമായി സംഘടന സ്വീകരിക്കേണ്ടിയിരിക്കുന്നു.

### 3. ജേർണൽ പ്രചരണം

ജൂലായ് ആദ്യത്തെ ആഴ്ച ജേർണൽ പ്രചരണവാരമായി ആചരിക്കണം.

ഈ വാരാചരണ കാലത്ത് വരിക്കാരുടെ എണ്ണം 2000 ആയി വർദ്ധിപ്പിക്കാൻ കഴിയണം. 50തിൽ താഴെ അംഗസംഖ്യയുള്ള ബ്രാഞ്ചുകളിൽ 15ഉം മററു ബ്രാഞ്ചുകളിൽ 30ഉം പുതിയ വരിക്കാരെ ചേർത്താൽ ഈ ലക്ഷ്യം നേടാവുന്നതാണ്.

ജേർണലിൻെറ 10 ലക്കങ്ങളിൽ, ഒരു ജില്ല ഒരു നിശ്ചിത മാസത്തിൻ ഒരു പരസ്യം ശേഖരിച്ചുകൊടുക്കുകയും വേണം.

### 4. വനിതാവിഭാഗ രൂപീകരണം

സെപ്തമ്പർ അവസാന വാരത്തിലോ ഒക്ടോബർ ആദ്യവാരത്തിലോ വനിതാംഗങ്ങളുടെ വിപുലമായ കൺവെൻഷൻ എറണാകുളത്തു വിളിക്കണം. 100 അദ്ധ്യാപികമാരെയെങ്കിലും ഈ കൺവെൻഷനിൽ പങ്കെടുപ്പിക്കണം. ആഗസ്ററ്, സെപ്ററമ്പർ മാസങ്ങളിൽ ഇതിനുള്ള തയ്യാറെടുപ്പു നടത്തണം. എറണാകുളം, ആലപ്പുഴ, തൃശൂർ, കോട്ടയം ജില്ലകളിൽ നിന്ന് 15 വീതവും മററു ജില്ലകളിൽ നിന്ന് 10 വീതവും അദ്ധ്യാപികമാരെ പങ്കെടുപ്പിക്കണം. ഈ കൺവെൻഷനിൽ വെച്ച് സംഘടനയുടെ വനിതാവിഭാഗം രൂപീകരിക്കണം.

### 5. വെൽഫേർ ട്രസ്ററ്

500 അംഗങ്ങളെയെങ്കിലും ഈ വർഷം ട്രസ്ററിൽ ചേർക്കണം. ഓരോ ജില്ലയിൽ നിന്നും 50 വീതം അംഗങ്ങളെ ചേർക്കുകയായിരിക്കണം ലക്ഷ്യം. ആഗസ്ററ് മാസം ഇതിനുള്ള പ്രചരണമാസമായി കരുതി പ്രവർത്തിക്കണം.

## വാർഷിക സമ്മേളനങ്ങൾ

സംഘടനയുടെ വാർഷിക സമ്മേളനങ്ങൾ ഫെബ്രുവരി മാർച്ച് മാസങ്ങളിൽ നടത്തണം. ഫെബ്രുവരിയിൽ ജില്ലാ സമ്മേളനങ്ങളും മാർച്ച് 15 നു മുമ്പ് സംസ്ഥാന സമ്മേളനവും നടത്തേണ്ടതാണ്. ജനുവരി ഫെബ്രുവരി മാസങ്ങളിൽ ഇതിനുള്ള ഫണ്ടു ശേഖരണവും തയ്യാറെടുപ്പും നടത്തണം.

## 7. ജേർണലിന്റെ വിശേഷാൽ പതിപ്പ്

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ജേർണലിന്റെ വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിക്കണം. ഇതിലേക്ക് ഒരു ലക്ഷം ഉറുപ്പികയുടെയെങ്കിലും പരസ്യങ്ങൾ ശേഖരിക്കണം. നവമ്പർ ഡിസംബർ മാസങ്ങളിൽ പരസ്യശേഖരണ പ്രവർത്തനം പൂർത്തിയാക്കണം. കഴിവതും സമ്മേളനത്തിൽ വെച്ചുതന്നെ ഇതു പുറത്തിറക്കേണ്ടതാണ്.

## 8. ഓഫീസ് കെട്ടിട നിർമ്മാണ ഫണ്ട്

ഒരംഗത്തിൽ നിന്ന് 100 ഉറുപ്പിക എന്ന തോതിൽ ഓഫീസ് കെട്ടിട നിർമ്മാണ ഫണ്ടു ശേഖരണം സെപ്തംബർ, ഒക്ടോബർ, നവമ്പർ ഡിസംബർ മാസങ്ങളിലായി നടത്തണം. ഈ തുക നാല് ഗഡുവായി പിരിച്ചെടുക്കാവുന്നതാണ്. അൻപത് ശതമാനം അംഗങ്ങളിൽ നിന്നെങ്കിലും ഈ വർഷം ഫണ്ടുശേഖരണം പൂർത്തിയാക്കണം. പ്രവർത്തക സമിതിയംഗങ്ങൾ ഫണ്ടുശേഖരണത്തോടനുബന്ധിച്ച് കഴിയുന്നത്ര ബ്രാഞ്ചുകൾ സന്ദർശിക്കണം.

## 9. 1988 ലെ ഡയറി പ്രസിദ്ധീകരണം

കോളേജ് അദ്ധ്യാപകർ അറിഞ്ഞിരിക്കേണ്ട അത്യാവശ്യ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി 1988ലെ ഡയറി സംഘടനയിറക്കണം. സെപ്തംബർ 30 നകം ഓരോ ബ്രാഞ്ചും വേണ്ട കോപ്പികളുടെ എണ്ണം വില സഹിതം ജനറൽ സെക്രട്ടറിയെ അറിയിക്കണം.

## 10. ശിൽപ്പശാല

പ്രീഡിഗ്രി സിലബസ് പരിഷ്കരണം ഇന്നൊരു സജീവ ചർച്ചാവിഷയമാണ്. ഇക്കാര്യത്തിൽ നമുക്കുള്ള ഉത്തരവാദിത്വം നാം നിർവഹിക്കണം. അഞ്ചു വിഷയങ്ങളുടെ മാതൃകാസിലബസ് തയ്യാറാക്കാനുള്ള ശിൽപശാലകൾ ഈ വർഷത്തിൽ മററു സംഘടനകളുടെ സഹകരണത്തോടെ നാം നടത്തണം.

## 11. പ്രചരണ പരിപാടികൾ

താഴെ പറയുന്ന വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണ പ്രചരണ പരിപാടികൾ ഈ വർഷത്തിൽ നടത്തേണ്ടതാണ്.

1. സ്വയം ഭരണ കോളേജുകൾ അനുവദിക്കുന്നതിൽ പതിയിരിക്കുന്ന അപകടങ്ങൾ.
2. മെഹറോത്ര കമ്മിററി റിപ്പോർട്ടിന്റെ ഗുണദോഷങ്ങൾ
3. ഗാന്ധിജി യൂനിവേഴ്സിററി ഭേദഗതി സംബന്ധിച്ച് സംഘടനയുടെ നിലപാട്.
4. താൽക്കാലിക തസ്തികകളിലുള്ള അദ്ധ്യാപകർക്ക് സേവന ഭദ്രതക്ക് നേരിട്ടിട്ടുള്ള ഭീഷണി

ഇതിനായി ഓരോ ജില്ലാകേന്ദ്രങ്ങളിലും ഒന്നെന്ന തോതിൽ സെമിനാറുകളും കൺവെൻഷനുകളും സംഘടിപ്പിക്കണം.

## 12 പ്രക്ഷോഭ പരിപാടികൾ

സംഘടനക്കു ഏറെറടുക്കേണ്ടി വരാവുന്ന എല്ലാ പ്രക്ഷോഭണങ്ങളും സംബന്ധിച്ച് മുൻകൂട്ടിയുള്ള ആസൂത്രണം അസാദ്ധ്യമാണെങ്കിലും താഴെ പറയുന്ന വിഷയങ്ങളിൽ കർമ്മ പരിപാടികൾക്കു നാം തയ്യാറാകേണ്ടിയിരിക്കുന്നു.

1. മെഹറോത്ര കമ്മിററി റിപ്പോർട്ട് അപാകതകൾ നീക്കം ചെയ്ത് നടപ്പിലാക്കി കിട്ടാനുള്ള പ്രക്ഷോഭണം.
2. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ അനാസ്ഥക്കും അവഗണനക്കുമെതിരെയുള്ള പ്രക്ഷോഭണം.
3. പരീക്ഷാപ്രതിഫല പരിഷ്കരണത്തിനും കുടിശ്ശിക വിതരണത്തിനും വേണ്ടിയുള്ള പ്രക്ഷോഭണം.
4. താൽക്കാലിക തസ്തികളിലുള്ള അദ്ധ്യാപകരുടെ താൽപര്യ സംരക്ഷണത്തിനുള്ള പ്രക്ഷോഭണം.

5. ഗാന്ധിജി യൂനിവേഴ്സിറ്റിയുടെ ജനാധിപത്യ സ്വഭാവ സംരക്ഷണത്തിനുള്ള പ്രക്ഷോഭണം

ഈ പ്രവർത്തന പരിപാടി അംഗീകരിക്കപ്പെടുകയാണെങ്കിൽ ഈ വിദ്യാഭ്യാസ വർഷം മുഴുവൻ സജീവമായ പ്രവർത്തനം എല്ലാതലത്തിലും ആവശ്യമാണെന്നു കാണാം. ഈ പരിപാടിയെ ഇങ്ങനെ സംഗ്രഹിക്കാം.

ജൂൺ, ജൂലയ് — മെമ്പർഷിപ്പ് പ്രവർത്തനം

ജൂലായ് ആദ്യവാരം — ജേർണൽ പ്രചരണ വാരം

ആഗസ്ററ് — ട്രസ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കൽ

ആഗസ്ററ്, സപ്ററംബർ — വനിതാവിഭാഗ രൂപീകരണത്തിനുള്ള തയ്യാറെടുപ്പ്

സപ്ററംബർ, ഒക്ടോബർ, നവമ്പർ, ഡിസംബർ — ഓഫീസ്കെട്ടിട ഫണ്ടിലേക്കുള്ള ധനശേഖരം

നവംബർ, ഡിസംബർ — ജേർണൽ വിശേഷാൽ പതിപ്പിലേക്കുള്ള പരസ്യശേഖരണം

ജനുവരി — വാർഷിക സമ്മേളനത്തിനുള്ള പണശേഖരണവും തയ്യാറെടുപ്പും

ഫെബ്രുവരി — ജില്ലാ സമ്മേളനങ്ങൾ

മാർച്ച് — സംസ്ഥാന സമ്മേളനവും സംഘടനാ തെരഞ്ഞെടുപ്പും

ഈ പരിപാടി വിജയകരമായി നടപ്പിലാക്കുവാൻ സംഘടനയുടെ എല്ലാതലങ്ങളും പരിപൂർണ്ണമായും സജീവമാകണം. താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

1. നാം പങ്കെടുക്കേണ്ട എല്ലാ സംഘടനായോഗങ്ങളിലും കൃത്യമായി പങ്കെടുക്കുക, പങ്കെടുക്കാൻ കഴിയാതെ വരുമ്പോൾ പകരം ആളെ അയയ്ക്കുക.
2. പണപ്പിരിവായാലും, പ്രക്ഷോഭണത്തിനുള്ള അംഗങ്ങളെ പങ്കെടുപ്പിക്കലായാലും, പരസ്യ ശേഖരണമായാലും, അതാത് യൂണിററുകൾക്കുള്ള ക്വാട്ട പൂർത്തീകരിക്കുവാൻ പരമാവധി ശ്രമിക്കുക.
3. മേൽ കമ്മിററികളുടെ നിർദ്ദേശങ്ങൾ കഴിയുന്നത്ര ഫലപ്രദമായി നടപ്പിലാക്കുക.

□

---

(Contd from page 13)

even leaving certain vacancies unfillde, are not uncommon. Moreover a series of transfers causing inconvenience to many teachers are effected just to protect the vested interest of a single person.

We may also be allowed to bring to your attention the fact that the present transfers are intended to penalise the teachers who refused to subscribe to the election fund of the N. D. P. candidates. The management tried to collect the fund forcefullyunder thevieled threat of transfer. The AKPCTA opposed this move. The rage of the management further increased when all, but one, of their candidates failed miserably. It is to avenge the defeat of its candidates the management has resorted to this mass victimisation.

The AKPCTA rightly apprehended the merciless victimisation of teachers in view of the defeat of the N. D. P. Candidates during the recent General Elections. Hence our memorandum for the prohibition of inter-university transfers by giving life to Section 64 of the Kerala and Calicut University Acts. We wish to point out that there is no policy question involved in this matter, since Section 68 the identical provision in the Gandhiji University Act has already come into force.

In view of the above we request you to be good enough to

1 initiate action against the Manager of the Corporate Management of NSS as per Sub Sections (7), (8) and (9) of Section 55 of the above said Acts; and

2 Order for the issue of a notification giving life to Section 64 of the Kerala and Calicut University Acts with immediate effect.

Thanking you,

Yours faith fully.
Prof. P. Narendran,
General Secretary.
AKPCTA

# താല്ക്കാലിക തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്കു സംരക്ഷണം വേണം

The Hon. Minister for Education,
Government of Kerala.
Trivandrum,
8-5-1987.

Sir,

Sub: 1. Shifting of Lien of teachers appointed against temporary vacancies to substantive vacancies that arise during the pendency of the temporary vacancy or after the discharge on the expiry of temporary vacancy - Amendment to Section 57 (b) of Kerala and Calicut University Acts -

2. Disciplinary action - striking down of Sub Section (5) and (7) of Section 60 of Kerala and Calicut University Acts -Amendments as proposed by the University Law's (Amendment) Bill 1981 Bill No. 92 Regarding.

We wish to bring to your attention the following for your consideration and early orders.

Sub Section (6) of Section 57 of the Kerala University Act (17 of 1974) and Calicut University Act (5 of 1975) Stipulates that "a teacher discharged from a private college on or after the 14th day of March 1974 due to abolition of a Course of study in that college or for any other reason except disciplinary action against him shall be given preference in the matter of future appointments in the private college or, as the case may be, any of the private colleges under the management of the educational agency within the university area."

The Hon. High Court of Kerala in its judgment dated 19-8-1980 in O. P. Nos. 868/77 and 4934/76 held that a teacher employed in a private college for a particular period goes out, not by way of discharge for any reason but by cessation of the period for which he was appointed and that the protection of Section 57 (6) of the Acts cannot be extended to such teachers. The court has also observed that the said Provision in the Acts in the present form may cause great hardship and suffering to deserving teachers denying them the right to be appointed when future vacancies arise. The court warned that it may also give a handle to the management to misuse the right of management and observed that it is for the Legislature to consider this aspect of the case to amiliorate the service condition of teachers in distress.

Powerful Private College Managements refuse to comply with the directives of the universities to shift teachers appointed against temporary vacancies to substantive vacancies that may arise during the pendancy of the leave vacancy. though all the universities in the State have accepted this as a policy and majority of managements have complied with it. For eg. the Management of B. A. M. College, Thuruthicad, the C. M. C. Management, Trichur, the Management of St. Joseph's College,

Irinjalakuda These Managements taking shelter under the above mentioned judgment seek to fill up the substantive vacancies by fresh recruitments, in spite of the fact that those who were appointed against temporary vacancies were selected under the due process of Law and were awarded a higher rank in the Selection list. This virtually results in removal from service of those who were adjudged by the selection committee of better calibre without initiating any disciplinary action. As pointed out by the Hon High Court this gives room for abuse of power and corruption.

The AKPCTA has consistantly been demanding the amendment of Section 57 (6) of the University Acts so as to amiliorate the distress of teachers and to put an end to the abuse of power and corruption on the part of Private College Managements.

In this respect we may be permitted to state that bill was published by the Government, University Laws (Amendmend) Bill 1981 (Bill No. 92). But unfortunately it was not introduced in the sixth Assembly. This year too the provisions of the said bill was incorporated in the Gandhiji University Amendment Bill, but that too did not find a place in the agenda of the seventh Assembly.

Under the circumstances we request you to be good enough to take immediate steps for the amendment of sub Section (6) of Section 57 through an ordinance.

We may also request you to enact the amendment proposed to Section 60 of the Kerala University Act, Calicut University Act and Gandhiji University Act in the University Laws (Amendment) Bill 1981 Bill No. 92. This is necessitated becaues of the judgement of the Hon. High Court of Kerala in O. P. No. 4031/76, in which the court' has held that 'the power conferred on the Appellate Authority by Sub Section (5) and (7) of Section 60 in the Acts are uncanalised and unguided in the sense that no restrictions are place on the exercise of powers and that the said Sub sections are inconsistant with the fundamental right guaranteed to religious and linguistic minorities under Article 30 (1) of the constitution.

We once again request you to treat this matter as most important and take immediate steps to enact the amendments giving retrospecrive effect through an ordinance so that the teachers, who were discharged and denied of appointment against substantive vacancies that arose during the pendancy of the termporary vacancy or subsequent to their termination, can re-open their cases and get a fresh verdict in their favour.

Yours faithfully,
Sd/-
P. Narendran
General Secretary
AKPCTA

---

എ കെ പി സി ടി എ
സംസ്ഥാന കമ്മററി
ഓഫീസ്

വിലാസം

↓

28 /406
അംബുജവിലാസം റോഡ്
തിരുവനന്തപുരം—1

---

# സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ

## കേന്ദ്രത്തിന്റെ പിൻതിരിപ്പൻ വിദ്യാഭ്യാസനയങ്ങൾ നിരാകരിക്കണം

1. കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയത്തിൽ ഉണ്ടായിരിക്കുന്ന പിൻതിരിപ്പൻ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധമായ ഭരണഘടനാ ബാദ്ധ്യതകൾ മറന്ന കേന്ദ്ര സർക്കാർ, സർക്കാർ നിർബന്ധമായും നിർവഹിക്കേണ്ട കർമ്മങ്ങൾ വിവിധ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്ത്യൻ ജനത ഒന്നെന്ന് കാണാൻ മടിക്കുന്ന സർക്കാർ പൊതുഖജനാവിൽ നിന്നും വൻതോതിൽ പണമെടുത്ത് ഉപരിവർഗ്ഗ വിദ്യാഭ്യാസ സൗകര്യങ്ങൾക്കുവേണ്ടി ചിലവഴിക്കുവാൻ തീരുമാനിച്ചതുവഴി സാധാരണക്കാർക്കുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വെട്ടിച്ചുരുക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. കോളേജുകൾക്ക് ''ഓട്ടോണമി'' നൽകുവാനുള്ള തീരുമാനം ഇവിടെ നടപ്പാക്കിയാൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകും. ''ഞങ്ങളുടെ കോളേജുകളിൽ എന്തു പഠിപ്പിക്കണമെന്നത് ഞങ്ങൾ തീരുമാനിക്കു''മെന്ന് വൻപ് പറയുന്ന സ്വകാര്യ ഏജൻസികളാണ് കേരളത്തിലുള്ളതെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള പരിമിതമായ ജനകീയതപോലും തകർക്കാനുള്ള നടപടികൾ പുത്തൻ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വീകരിക്കുന്നു. സ്വകാര്യവത്ക്കരണത്തെ പ്രോത്സാഹിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നത് വളർച്ചയ്ക്കു വേണ്ടിയല്ല. കേന്ദ്രസർക്കാരിന്റെ ഈ നടപടികളിൽ പതിയിരിക്കുന്ന അപകടങ്ങൾ മനസ്സിലാക്കി ഇതു സംബന്ധമായി അനുയോജ്യമായ തീരുമാനങ്ങൾ സംസ്ഥാന സർക്കാർ സ്വീകരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു. വിദ്യാഭ്യാസത്തിന് കൂടുതൽ തുക ബഡ്ജറ്റുകളിലും പദ്ധതികളിലും വകയിരുത്തി കിട്ടുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഈ യോഗം സംസ്ഥാന സർക്കാരിനോടഭ്യർത്ഥിക്കുന്നു.

## താല്ക്കാലിക തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് സംരക്ഷണം വേണം

2. പ്രൈവറ്റ് കോളേജുകളിൽ താൽക്കാലിക വേക്കൻസികളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് പിന്നീടുണ്ടാകുന്ന സ്ഥിരം തസ്തികകളിൽ നിയമനം ലഭിക്കുന്നതിനും ആദ്യ നിയമനം ലഭിച്ച താൽക്കാലിക വേക്കൻസി ഇല്ലാതെ വരുന്ന സാഹചര്യത്തിൽ സർവീസിൽ നിന്നും പുറത്തു പോകേണ്ടി വരുന്ന അദ്ധ്യാപകർക്ക് പിന്നീട് കോളേജിൽ ഉണ്ടാകുന്ന വേക്കൻസിയിൽ നിയമനം ലഭിക്കുന്നതിനുള്ള അവകാശം ഉറപ്പുവരുത്തുന്നതിനും വേണ്ടി യൂണിവേഴ്സിറ്റി നിയമങ്ങളിൽ കോടതി നിർദ്ദേശിച്ച പ്രകാരം, ഭേദഗതികൾ വരുത്തണമെന്ന് ഈ യോഗം സർക്കാരിനോടാവശ്യപ്പെടുന്നു.

## മേഖലാ ഓഫീസുകൾ കാര്യക്ഷമമാകണം

3. ഡയറക്ട് പേമെന്റ് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട മേഖലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ ഇന്ന് അദ്ധ്യാപകരെ അകാരണമായി ദ്രോഹിക്കുന്നതിനുള്ള കേന്ദ്രങ്ങളായി മാറിയിരിക്കുന്നതിൽ ഈ യോഗം അതിയായ ഉത്കണ്ഠ രേഖപെടുത്തുന്നു. ഇല്ലാത്ത നിയമങ്ങളുടേയും നിയമങ്ങളുടെ ദുർവ്യാഖ്യാനത്തിന്റെയും ഏകപക്ഷീയമായ നടപടികളുടെയും ഫലമായി സ്വകാര്യ കോളേജ് ജീവനക്കാർക്ക് അർഹമായ ഒരു ആനുകൂല്യവും യഥാസമയത്ത് ലഭ്യമാകാതെ വന്നിരിക്കുന്നു. 1983 ലെ ശമ്പള

പരിഷ്കാരത്തിന്റെ ആനുകൂല്യം ഇപ്പോഴും നിരവധി ജീവനക്കാർക്കു ലഭ്യമായിട്ടില്ല. സർക്കാർ നിയമങ്ങളും നിയമവ്യവസ്ഥകളും ഡി. സി. ഈ. യുടെ നിർദ്ദേശങ്ങളും മറികടന്നു പോലും ജീവനക്കാരെ പീഡിപ്പിക്കാൻ മേഖലാ ഓഫീസുകൾ മുതിരുന്നു. ചർച്ച ചെയ്ത് തീർക്കാവുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീർക്കാൻ ഒരു കോൺഫറൻസ് വിളിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകുന്നില്ല. ഈ ഓഫീസുകളിൽ അഴിമതി നടക്കുന്നതായും ജീവനക്കാർക്ക് ശക്തമായ പരാതിയുണ്ട്. പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി സർക്കാർ മുൻകൈ എടുത്ത് കോൺഫറൻസ് വിളിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

## കേന്ദ്ര ഡി എ നല്കുക

4. കേന്ദ്ര നാലാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത് കേന്ദ്ര സർക്കാർ അംഗീകരിച്ചുത്തരവായ പുതുക്കിയ ഡി.എ. ഫോർമുലാ 1985 ലെ ശമ്പള പരിഷ്കാര ഉത്തരവിൽ വ്യക്തമാക്കപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ജീവനക്കാർക്കും ബാധകമാക്കിനടപ്പാക്കണമെന്ന് ഈ യോഗം സംസ്ഥാന സർക്കാരിനോടാവശ്യപ്പെടുന്നു.

## അന്തർ സർവ്വകലാശാലാ സ്ഥലം മാററങ്ങൾ തടയുക

5. ഇൻറർ യൂണിവേഴ്സിററി സ്ഥലം മാററങ്ങൾ സംബന്ധമായ കേരളാ - കാലിക്കററ് യൂണിവേഴ്സിററി നിയമങ്ങളിലെ വകുപ്പുകൾക്ക് ഉടനടി പ്രാബല്യം നൽകണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

## മെഹ്റോത്രാ കമ്മിററി ശുപാർശകളിൽ തീരുമാനമെടുക്കുക

6. ഇന്ത്യയിലെ കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധമായുള്ള മെഹ്റോത്രാ കമ്മിററി ശുപാർശകളിൻമേൽ യാതൊരു നടപടിയും ഇതേവരെ കേന്ദ്ര സർക്കാർ സ്വീകരിക്കാത്തതിൽ ഈ യോഗം അമർഷം രേഖപ്പെടുത്തുന്നു. ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധമായി കേന്ദ്ര സർക്കാർ ഫൈഫക്ടോ ഭാരവാഹികൾക്ക് നൽകിയ ഉറപ്പുകൾ ഉടനടി പാലിക്കണമെന്നും കമ്മററി ശുപാർശകൾ ആവശ്യമായ ഭേദഗതികളോടെ ഉടനടി നടപ്പാക്കണമെന്നും ഈ യോഗം കേന്ദ്ര സർക്കാരിനോടാവശ്യപ്പെടുന്നു.

## പ്രീഡിഗ്രി ബോർഡ് വേണ്ടെന്നു വച്ചതിന് അഭിനന്ദനം

7. കേരളത്തിൽ വലിയ വിവാദത്തിനും വൻ ബഹുജന സമരത്തിനും വഴിയൊരുക്കിയ മുൻ സർക്കാരിന്റെ പ്രീഡിഗ്രി ബോർഡ് രൂപീകരണ തീരുമാനം നടപ്പാക്കേണ്ടതില്ലെന്ന പുതിയ സർക്കാരിന്റെ തീരുമാനം ഈ യോഗം സർവാത്മനാ സ്വാഗതം ചെയ്യുന്നു. ഈ സംസ്ഥാനത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്ത നയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻ സർക്കാർ കൈക്കൊണ്ട നടപടികളെല്ലാം തന്നെ റദ്ദാക്കണമെന്ന് ഈ യോഗം സംസ്ഥാന സർക്കാരിനോടഭ്യർത്ഥിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസം തെററായ നയങ്ങൾ മൂലം അപകടപ്പെടാൻ ഇടയാകരുതെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു. പ്രീഡിഗ്രി ബോർഡ് രൂപീകരണം വേണ്ടെന്നുവച്ച സംസ്ഥാന സർക്കാരിനെ ഈ യോഗം അനുമോദിക്കുന്നു.

## ഗാന്ധിജി യൂണിവേർസിററി പ്രശ്നങ്ങൾ

8. എ) ഗാന്ധിജിയൂണിവേഴ്സിററിയിലെ നോമിനേററഡ് സിൻഡിക്കേററ്, സെനററ്, അക്കാഡമിക് കൗൺസിൽ എന്നിവ ഉടനടി പിരിച്ചുവിട്ട് അവയുടെ സ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സമിതികൾ നിലവിൽ കൊണ്ടുവരുത്തുന്നതിനുള്ള നടപടികൾ സത്വരമായി സർക്കാർ സ്വീകരിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

ബി) നിയമസാധുതയില്ലാത്ത യു ജി. സി. നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിററി സമിതികളുടെ ജനാധിപത്യ സ്വഭാവം തകർക്കുന്നതിനുവേണ്ടി ഗാന്ധിജി യൂണിവേഴ്സിററി നിയമത്തിൽ ഭേദഗതി വരുത്തുവാൻ മുൻസർക്കാർ കൈക്കൊണ്ട തീരുമാനം നടപ്പാക്കുന്നതിനുള്ള യാതൊരു നടപടിയും പുതിയ സർക്കാർ സ്വീകരിക്കരുതെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

(8) യു. ജി. സി. യിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനു ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് അർഹത ഉണ്ടാക്കുന്നതിന് സർക്കാർ സ്വീകരിക്കേണ്ട നടപടികൾ സത്വരമായി സ്വീകരിച്ച് ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ വളർച്ചയെ സഹായിക്കണമെന്ന് ഈ യോഗം കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

## സർവ്വകലാശാലാ ജനാധിപത്യം സംരക്ഷിക്കുക

9. ഇൻഡ്യൻ പാർലമെൻറംഗീകരിച്ച ''മോഡൽ ആക്ട്'' ഒരു മാററവു മില്ലാതെ നിലനിൽക്കെത്തന്നെ, യൂണിവേഴ്സിററി സമിതികളുടെ ജനാധിപത്യ സ്വഭാവം തകർക്കാനുള്ള നീക്കങ്ങൾ യു. ജി സി. യിൽ നിന്നും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ ഈ യോഗം പ്രതിഷേധിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിററി സമിതികളെ ഭയക്കുന്ന വൈസ് ചാൻസിലർമാർ യോഗം ചേർന്ന് കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ യു. ജി. സി. പഠനസംഘങ്ങളുടെ അഭിപ്രായപ്രകടനങ്ങളുടെയും അടിസ്ഥാനത്തിൽ യൂണിവേഴ്സിററി സമിതികളെക്കുറിച്ചും അവയുടെ ഘടനയെക്കുറിച്ചും യു. ജി.സി. നിർദ്ദേശങ്ങൾ നൽകുന്നത് നിയമവിരുദ്ധമായ നടപടിയാണ്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കൈക്കൊള്ളുന്ന നടപടികൾക്ക് യാതൊരു സാധുതയും ഉണ്ടായിരിക്കില്ലെന്നതിനാൽ ആ തരം നടപടികൾ സംസ്ഥാന സർക്കാരിൻെറ ഭാഗത്തുനിന്നുണ്ടാകരുതെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു.

## വിദ്യാഭ്യാസ വിചക്ഷണൻമാർ വി. സി. മാരാകണം

10. യൂണിവേഴ്സിററികൾ സംസ്ഥാന സർക്കാരിൻെറ ചൊൽപടിക്കു നിൽക്കുന്ന വെറും ഡിപ്പാർട്ടുമെൻറുകൾ ആയിരിക്കണമെന്ന വികലമായ നയം നടപ്പാക്കുന്നതിൻെറ ഭാഗമായി യൂണിവേഴ്സിററികളുടെ തലപ്പത്ത് ഐ. എ. എസ്. കാരെ വൈസ് ചാൻസലർമാരായി പ്രതിഷ്ഠിക്കുന്ന നടപടികൾ തുടരാൻ പാടില്ലെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു. യൂണിവേഴ്സിററികൾക്ക് സ്വയംഭരണാവകാശം ഉണ്ടായിരിക്കണമെന്ന കാഴ്ചപ്പാടില്ലാത്ത ഇവർ യൂണിവേഴ്സിററി ഭരിക്കാൻ യോഗ്യരല്ല [illegible]രെ പ്രാധാന്യമുള്ള ഈ കാഴ്ചപ്പാടുള്ള പ്രഗൽഭരായ വിദ്യാഭ്യാസ വിചക്ഷണൻമാരെ തന്നെ മുൻകാലങ്ങളിൽ ചെയ്തിരുന്നതു പോലെ യൂണിവേഴ്സിററി വൈസ് ചാൻസലർമാരായി നിയമിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

## അഴിമതികൾ അവസാനിപ്പിക്കുക

11. കോളേജ് തലത്തിൽ ജീവനക്കാരുടെ നിയമനം വിദ്യാർത്ഥികളുടെ പ്രവേശനം എന്നിവ സംബന്ധമായി നടന്നുവരുന്ന വർദ്ധിച്ച തോതിലുള്ള അഴിമതി ഈ യോഗം അത്യധികമായ ഉത്കണ്ഠയോടെ വീക്ഷിക്കുന്നു. സാമൂഹ്യ നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വകാര്യ കോളേജ് ജീവനക്കാർക്ക് സർക്കാരിൽ നിന്നും നേരിട്ട് ശംബളം നൽകുന്നതിനുള്ള ഏർപ്പാടുണ്ടാക്കുന്നതിനു വേണ്ടി ത്യാഗപൂർണ്ണവും സുദീർഘവുമായ സമരം ചെയ്ത എ. കെ. പി. സി. ററി. എ. യ്ക്ക് ഇക്കാര്യത്തിൽ തികച്ചും വൈകാരികമായ ഒരു സമീപനമാണ് ഉള്ളത്. അധികാര സ്ഥാനത്തിരിക്കുന്നവരുടെ ഒത്താശയോടുകൂടിപോലും വിദ്യാർത്ഥി പ്രവേശനത്തിൽ അഴിമതി നടക്കുന്നെന്ന് കാണുന്നു. അതുമൂലം അർഹരായവർക്ക് പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്യുന്നു ഡി. പി. എഗ്രിമെൻറിലേയും യൂണിവേഴ്സിററി സ്റ്റാററ്യൂട്ടുകളിലേയും വ്യവസ്ഥകൾ ലംഘിച്ച് കൊണ്ടുള്ള നിരവധി നിയമനങ്ങൾ നടക്കുന്നു. ഈ നിയമനങ്ങൾ കോടതിയുടെ വിമർശനങ്ങൾക്കുപോലും പല പ്രാവശ്യം വിധേയമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിദ്യാർത്ഥി പ്രവേശനത്തിൽ അഴിമതി നടത്തുന്നതിന് ഇന്നുള്ള പഴുതുകൾ പൂർണ്ണമായും അടയ്ക്കുന്നതിനുള്ള നടപടികൾ സർക്കാരും യൂണിവേഴ്സിററികളും ചേർന്നാലോചിച്ച് സ്വീകരിക്കണമെന്ന് ഈ യോഗം അവശ്യപ്പെടുന്നു. നിയമനം സംബന്ധമായി നടക്കുന്ന അഴിമതികൾ തടയുന്നതിനുവേണ്ടി ജീവനക്കാരുടെ നിയമനം പി. എസ്. സി. ക്ക് വിടുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിക്കണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

(ശേഷം 24-ാം പേജിൽ)

# എ കെ പി സി ടി എ 29-ാം വാർഷിക സമ്മേളനം - ഒരു റിപ്പോർട്ട്

എ. കെ. പി. സി ടി. എ യുടെ 29-ാം വാർഷിക സമ്മേളനം 1987 ഏപ്രിൽ 12,13,14 തീയതികളിൽ കോട്ടയത്ത് മാത്തുക്കുട്ടി നഗറിൽ (മാമ്മൻ മാപ്പിള ഹാൾ) നടന്നു. 12-ാം തീയതി ഞായറാഴ്ച പ്രവർത്തക സമിതിയോഗം ചേർന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ പൊതുവേ ബാധിക്കുന്നതും, പ്രൈവററ് കോളജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിക്കുന്നതുമായ വിവിധ പ്രമേയങ്ങൾ പ്രവർത്തക സമിതി ചർച്ച ചെയ്ത് സ്വീകരിച്ചു. 13-ാം തീയതി രാവിലെ 9 മണിക്ക് വിവിധ കോളേജുകളിൽ നിന്നെത്തിയ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ പതാക ഉയർത്തിയതോടുകൂടി രണ്ടാം ദിവസത്തെ പരിപാടികളുടെ തുടക്കം കുറിച്ചു. പ്രതിനിധികളുടെ രജിസ്ട്രേഷൻ കഴിഞ്ഞ് 10.30 മണിക്ക് സംസ്ഥാന കമ്മററിയോഗം ആരംഭിച്ചു. 1986-87 വർഷത്തെ പ്രവർത്തന റിപ്പോർട്ടും സംഘടനാ റിപ്പോർട്ടും ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻകുട്ടി കമ്മററിയുടെ പരിഗണനയ്ക്കും ചർച്ചയ്ക്കുമായി സമർപ്പിച്ചു. രണ്ടു റിപ്പോർട്ടുകളെക്കുറിച്ചുയുള്ള ചർച്ച സജീവമായിരുന്നു.

## പ്രതിനിധി സമ്മേളനം

ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻെറ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിനിധി സമ്മേളനം പി. ഗോവിന്ദപ്പിള്ള ഉത്ഘാടനം ചെയ്തു. കേരളത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിലെ പിന്തിരിപ്പൻ ശക്തികളെ പരാജയപ്പെടുത്താനും, പുരോഗമന ശക്തികളെ പ്രോത്സാഹിപ്പിക്കാനും, അദ്ധ്യാപകരും വിദ്യാർത്ഥികളും നടത്തിയ മഹത്തായ കർമ്മപരിപാടികളെ പരാമർശിച്ചുകൊണ്ടായിരുന്നു ഉദ്ഘാടന പ്രസംഗം ആരംഭിച്ചത്. ഇന്ത്യയിൽ പൊതുവേയും, കേരളത്തിൽ പ്രത്യേകിച്ചും, പൊതു വിദ്യാഭ്യാസ രംഗത്തും സർവകലാശാലാ വിദ്യാഭ്യാസ രംഗത്തും നിലനിൽക്കുന്ന പ്രശ്നങ്ങളെയും, അവയുടെ പരിഹാര മാർഗ്ഗങ്ങളെയും സവിസ്തരം പ്രതിപാദിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. ഭീഷണികളെയും വെല്ലുവിളികളെയും നേരിട്ടുകൊണ്ട്, അദ്ധ്യാപകരുടെ ട്രേഡ് യൂണിയൻ താത്പര്യങ്ങളെ മാത്രമല്ല, ഇന്നാട്ടിലെ വിദ്യാഭ്യാസ താത്പര്യങ്ങളെ ഉയർത്തിപ്പിടിക്കാൻ എ.കെ.പി.ടി.എ ശ്രമിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചു.

തുടർന്ന് ആശംസാ പ്രസംഗം നടത്തിയ ജി. സോമശേഖരൻ നായർ (കേരളാ യൂണിവേഴ്സിററി എംപ്ളോയീസ് യൂണിയൻ പ്രസിഡൻറ്) സർവകലാശാലകളുടെ സ്വയം ഭരണാവകാശം നിലനിർത്തേണ്ടതിൻെറ ആവശ്യകതയിൽ ഊന്നിയാണ് സംസാരിച്ചത്. പ്രീഡിഗ്രിബോർഡ് വിരുദ്ധ സമരത്തിൽ എ. കെ. പി. സി. ടി. എ. വഹിച്ച അഭിമാനർഹമായ പങ്കിനെ പ്രകീർത്തിച്ചുകൊണ്ടായിരുന്നു, എൻ. ജി. ഒ. യൂണിയൻ വൈസ് പ്രസിഡൻറ് ഈ പി. ചെല്ലപ്പൻ പ്രസംഗിച്ചത്. എ.കെ.ജെ.സിടി. ജനറൽ സെക്രട്ടറി പ്രൊഫ. കെ. വി. ജോർജ് തൻെറ ആശംസാ പ്രസംഗത്തിൽ, ഇരുസംഘടനകളുടെയും ഐക്യത്തോടെയുള്ള പ്രവർത്തനം കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പുരോഗമനാത്മകമായ പല മാററങ്ങൾക്കും കാരണമാകുമെന്ന് പറഞ്ഞു.


## അനുമോദനയോഗം

എ കെ. പി. സി. ടി. എ യുടെ മുൻ ജനറൽ സെക്രട്ടറി പ്രൊഫ: എൻ. എം. ജോസഫിനെ മന്ത്രിപദലബ്ധിയിൽ അനുമോദിച്ചുകൊണ്ട് പ്രൊഫസർ വി. നാരായണൻ കുട്ടി,

പ്രൊഫ. ടി. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.

## ക്ഷേമനിധി വിതരണം

സർവീസിലിരിക്കെ അകാലചരമമടഞ്ഞ പ്രൊഫ. പി. എൻ. ഗോപാലൻ നമ്പൂതിരി, പ്രൊഫ. വി. കെ. തോമസ്, മോഹനവർമ്മരാജ എന്നിവരുടെ ആശ്രിതർക്ക്, ബഹു. വിദ്യാഭ്യാസമന്ത്രി ചന്ദ്രശേഖരൻ ക്ഷേമനിധി വിതരണം നടത്തി. മുൻഗവൺമെന്റ് താറുമാറാക്കിയ വിദ്യാഭ്യാസരംഗം സംശുദ്ധമാക്കുമെന്നും, കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള കോളേജുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡമുണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമെന്നും, ഡൈസ് നോൺ പ്രശ്നത്തിൽ ജീവനക്കാർക്കനുകൂലമായ തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു.



പ്രസിഡന്റ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ പതാക ഉയർത്തുന്നു

## യാത്രയയപ്പ്

1986-87 അക്കാദമിക് വർഷം റിട്ടയർ ചെയ്ത പ്രൊഫ. പി. കൃഷ്ണൻ നായർ (എൻ. എസ്. എസ്. കോളേജ്, ചങ്ങനാശ്ശേരി) പ്രൊഫ. ബർഗ്ഗ്രാൻ (എസ്. എൻ. കോളേജ്, കൊല്ലം) പ്രൊഫ. കുമാരമേനോൻ (ശ്രീ ശങ്കരാ കോളേജ്, കാലടി) പ്രൊഫ. കെ. പി. ആർ. മേനോൻ (ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്) എന്നിവർക്ക് ഊഷ്മളമായ യാത്രയയപ്പു നൽകി. ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതുവേയും; സംഘടനാ രംഗത്ത് പ്രത്യേകിച്ചും ഈ അദ്ധ്യാപക ശ്രേഷ്ഠന്മാർ നൽകിയ മഹത്തായ സേവനങ്ങളെ യോഗത്തിൽ പ്രൊഫ. വി. നാരായണൻ കുട്ടി അനുസ്മരിച്ചു.

പ്രൊഫ. ജോർജ് സെബാസ്റ്റ്യന്റെ നന്ദിപ്രകടനത്തോടു കൂടി 13-ാം തീയതിയിലെ പരിപാടികൾ സമാപിച്ചു.

## പൊതുചർച്ച

14-ാം തീയതി രാവിലെ 9 മണിക്ക് പ്രതിനിധി സമ്മേളനം പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻെറ അദ്ധ്യക്ഷതയിൽ കൂടി. നേരത്തേ അവതരിപ്പിച്ച വാർഷിക റിപ്പോർട്ടിനെയും സംഘടനാ റിപ്പോർട്ടിനെയും അടിസ്ഥാനപ്പെടുത്തി സജീവമായ ചർച്ച നടന്നു. സംഘടനയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനത്തെ വിമർശനാത്മകമായി വിലയിരുത്തുകയും, ഭാവി പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്ന സമഗ്രമായ ഒരു ചർച്ചതന്നെ നടന്നു. ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻ കുട്ടി ചർച്ചകൾക്ക് മറുപടി പറഞ്ഞു. സംഘടനാപ്രവർത്തകർക്കുള്ള ഭാരിച്ച ഉത്തരവാദിത്തത്തെ ഓർമ്മിപ്പിച്ചു കൊണ്ടായിരുന്നു അദ്ദേഹം മറുപടി പ്രസംഗം അവസാനിപ്പിച്ചത്.

സംസ്ഥാന സമ്മേളനത്തിൻെറ വിജയകരമായ നടത്തിപ്പിന് സഹായിച്ച എല്ലാവർക്കും നന്ദി പ്രകടിപ്പിച്ചുകൊണ്ട് വൈസ് പ്രസിഡൻറ് ഡോ. എം സി. ചാക്കോ സമ്മേളന പരിപാടികൾ അവസാനിച്ചതായി പ്രഖ്യാപിച്ചു.

---

(21-ാം പേജിൻെറ തുടർച്ച)

### മാനേജിംഗ് കൗൺസിൽ / ഗവേണിംഗ് ബോഡി രൂപീകരിക്കുക.

12. യൂണിവേഴ്സിററി നിമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിലുകൾ താമസം വിനാരൂപീകരിക്കണമെന്ന് സ്വകാര്യ എഡ്യൂക്കേഷണൽ ഏജൻസികളോട് ആവശ്യപ്പെടണമെന്ന് ഈ യോഗം സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

### കടലാസ്സു സംഘടനകളെ നിരുത്സാഹപ്പെടുത്തണം

13. സ്വകാര്യ കോളേജദ്ധ്യാപകരിൽ 25 ശതമാനത്തിൻെറ എങ്കിലും പ്രാതിനിധ്യമുള്ള അഖിലകേരള സംഘടനകളെ മാത്രമെ യൂണിവേഴ്സിററികളും സർക്കാരും മാനേജുമെൻറുകളും അംഗീകരിക്കാൻ പാടുള്ളൂ എന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു. അംഗീകരിക്കപ്പെടുന്ന സംഘടനകൾക്ക് സംപൂർണ്ണമായ ട്രേഡ് യൂണിയൻ അവകാശങ്ങൾ നൽകണമെന്ന് ഈ യോഗം അധികാരികളോട് അഭ്യർത്ഥിക്കുന്നു സംഘടനകളുടെ സംസ്ഥാന ഭാരവാഹികൾക്ക് സംഘടനാ പ്രവർത്തകരെന്ന നിലയിൽ സർക്കാർ മേഖലയിലെ സംഘടനാഭാരവാഹികൾക്കിന്നുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകണമെന്നും ഈ യോഗം സർക്കാരിനോടഭ്യർത്ഥിക്കുന്നു.

## സമ്മേളനങ്ങൾ, ഭാരവാഹികൾ

### എൻ. ജി. ഒ. യുണിയൻ

എൻ. ജി. ഒ. യൂണിയൻെറ സംസ്ഥാന സമ്മേളനം 1987 ജൂണിൽ തിരൂരിൽ നടന്നു. പ്രസിഡൻറായി കെ. വി രാജേന്ദ്രനും, ജനറൽ സെക്രട്ടറിയായി ടി. കെ. ബാലനും തെരഞ്ഞെടുക്കപ്പെട്ടു.

### കെ. ജി. ഒ. എ.

കേരളാ ഗസററഡ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന സംമ്മേളനം തിരുവനന്തപുരത്ത് ജൂൺ 6, 7, 8 തീയതികളിൽ നടന്നു. ശ്രീ. ഭഗീരഥനെ പ്രസിഡൻറായും, എൻ. എം. മുഹമ്മദാലിയെ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

### കേരള യുണിവേഴ്സിററി എംപ്ലോയീസ് യുണിയൻ

കേരള യൂണിവേഴ്സിററി എംപ്ളോയീസ് യൂണിയൻെറ വാർഷിക സമ്മേളനം മേയ്മാസത്തിൽ തിരുവനന്തപുരത്ത് നടന്നു. പ്രസിഡൻറായി ജി. സോമശേഖരൻ നായരേയും സെക്രട്ടറിയായി ശശിധരൻ നായരേയും തെരഞ്ഞെടുത്തു.

---

### പ്രൊഫ. ടി. കെ ജി. നായർ

പ്രൈവററ് സെക്രട്ടറി

എ. കെ. പി. സി. ടി. എ. യുടെ മുൻ ട്രഷറർ പ്രൊഫ. ടി. കെ. ജി. നായർ, ഭവന നിർമ്മാണ വകുപ്പു മന്ത്രി ലോനപ്പൻ നമ്പാടൻെറ പ്രൈവററ് സെക്രട്ടറിയായി നിയമിതനായി.

# ഡയസ്നോൺ സംബന്ധിച്ച കോടതിവിധി

IN THE HIGH COURT OF KERALA AT ERNAKULAM

Wednesday, the 11th February, 1987/22nd Magha, 1908

Present:

THE Honourable Mr. Justice K. Sreedharan

O. P Nos. 1123/87H & 1125/87H

O. P. No. 1123/87H :-

Petitioners :-

1. All Kerala Private College Teachers Association, represented by its State Secretary Professor Joy Job Kulavelil, S/o. Job, Aged 40 years, Professor in Botony, Union Christian College, Alwaye.

2. K. N. James, S/o. Nicholas, Lecturer in Physics, St. Alberts College, Ernakulam. Branch Secretary of A K P C. T. A, St.Alberts College, Ernakulam.

By Advs. M/s. M. R. Rajendran Nair. & Mary Isabella S. D.

Respondents :-

1. State of Kerala, represented by Secretary to Government, Higger Education Department, Secretariat, Trivandrum.
2. The Director of Collegiate Education, Trivandrum.
3. The Deputy Director of Collegiate Educa.ion, Central Zone, Tripunithura.
4. The Principal, St. Alberts College. Ernakulam, Ri to R1 by Govt Pleader.

Petition filed under article 226 of the Constitution of India praying that this Honourable Court be pleased to:

(i) Quash Ext.P4 P5 and F6 by an issue of a writ of certiorari or other appropriate writ or direction.

(ii) Issue a writ of Mandamus commanding the respondents not to recover the salary paid to the petitioners and others similarly situated for the days from 7-6-1986 to 10-6-1986 and to refund the amount if any recovered from them.

(iii) Grant such other reliefs as may be prayed for and the Court deems fit to grant and

(iv) Grant the cost of this petition.

O. P. NO. 1125/87H :-

Petitioners :-

1. All Kerala Private College Teachers Association, S. D College, branch, represented by its Branch Secretary D. Narayanankutty, S/o. K. N. Divakaran Pillai, Aged 41 years, Professor in Malayalam, S. D. College, Alleppey.

By Advs. M s. M. R. Rajendran Nair & Mary Isabella S. D.

Respondents :-

1. State of Kerala, represented by Secretary to Government. Higher Education Department Trivandrum

2. The Director of Collegiate Education, Trivandrum

3. The Deputy Director of Collegiate Education, Central Zone, Tripunithura.

4. The Principal, S. D. College, Alleppey. R1 to R3 by Govt. Pleader.

Petition filed under arttcle 226 of the Constitution of India praying that this Honourable Court be pleased to:

(i) Quash Ext. P4, P5 and P7 by an issue of a writ of certiorari or other appropriate writ order or direction.

(ii) Issue a writ of Mandamus commanding the respondents not to recover the salary paid to the petitioners and others similarly situated for the days from 7-6-1986 to 10-6-1986 and to refund the amount if any recorvered from them.

(iii) Grant such other reliefs as may be prayed for and the Court deems fit to grant, and

(iv) Grant the cost of this Original Petition.

These Original Petitions having come up for admission on 11-2-87 the court on he same day delivered the following:-

K. Sreedharan, J.
O. P. Nos. 1123 and 1125 of 1987 - H
**Judgement**

Same question arises for consideration n these two Original Petitions. So I am disposing of them by a common judgment.

2. Teachers of colleges struck work on 6-6-1986, on account of a call made by the joint action council. It was a token strike for a day. 7th, 8th and 9th of June 1986 were holidays. 7th being a Saturdy, 8th being a Sunday and 9th being a holiday on account of Ramsan. Some of the teachers reported for work on 10-6-1986 From 11-6-1986 they again went on strike for indefinite period. The strike continued till 4th July 1986 By order No. 593/15/F2/86/H. edn. dated 13-10-1986 the Government clarified that holidays from 7-6-1986 to 10-9-1686 may also be treated as 'dies-non' under Rule 14 A of Part I Kerala Service Rules inrespect of the employees who took parl both in the token strike on 6-6-1986 and in the indefinite strike from 11-6-1986. This clarification made by the Government is under challenge.

3. According the learned Counsel appearing for the petitioners, the absence ou account of participation in strike alone rcan be taken as sufficient ground fo teating the same as dies-non. If the →

---

(12-ാം പേജിൽ നിന്ന് തുടർച്ച)

നിൽക്കുന്ന എ. കെ. പി. സി. ടി. എ. യുടെ സംഘടിത ശക്തി ഒന്നു മാത്രമാണ്. ഹൈക്കോടതി വിധിമൂലം ഉണ്ടായിരിക്കുന്ന നിയമശൂന്യത നികത്തുന്നതിനാവശ്യമായ ഭേദഗതി അടിയന്തിരമായി നടപ്പാക്കികിട്ടേണ്ടതുണ്ട്.

3. ഗാന്ധിജി സർവകലാശാലാ നിയമത്തിൽ ഇന്ന് വളരെ അപകടകരമായ ഒരു പഴുത് നിലനിൽക്കുന്നു. ഏതെങ്കിലും ഒരദ്ധ്യാപകന്റെ പേരിൽ ശിക്ഷണനടപടികളുടെ ഫലമായി ഇംക്രിമെന്റ് തടഞ്ഞുവക്കൽ തുടങ്ങിയ ചെറിയ ശിക്ഷകൾ വിധിക്കപ്പെട്ടാൽ സർവ്വകലാശാലാ അപ്പലേറ്റ് ട്രൈബ്യൂണലിന് അപ്പീൽ കൊടുക്കാവുന്നതാണ്. അതേ സമയം നിർബന്ധിത പെൻഷൻ, Removal from Service തുടങ്ങിയ ശിക്ഷകൾ വിധിക്കപ്പെട്ടാൽ അപ്പീൽ കൊടുക്കാനുള്ള അവകാശം അനുവദിച്ചിട്ടുമില്ല.. നിയമം പാസ്സാക്കുന്ന കാലത്തു തന്നെ എ. കെ. പി. സി ടി. എ. ഈ ഗൗരവമായ അപകടം ചൂണ്ടിക്കാണിച്ചിരുന്നതാണ്. എന്നാൽ സ്വകാര്യ മാനേജ്മെന്റുകളുടെ വക്താവായിരുന്ന സർക്കാർ ഇക്കാര്യത്തിൽ തികച്ചും നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത്. അപകടകരമായ ഈ നിയമ ശൂന്യത ഉടൻ തന്നെ പരിഹരിക്കപ്പെട്ടേ മതിയാകൂ.

(തുടരും)

absence from duty happens to be on account of the holidays, that absence will not entail forfeiture of salary and that absence cannot be treated as dies-non. On the 6th, the teachers struck work. On account of that strike and on account of the fact that they did not do any work, according to the Counsel, the salary for that day can be withheld That day can be treated as dies-non as well. But that circumstance cannot be extend to 7th, 8th and 9th of June 1987. Those days were public holidays. Only on account of those days being Public holidays the petitioners did not turn up for duty. 10th was a wo kinkg day. On 10th teachers reported for duty. When they worked or reported for duty on 10th, it is argued that the Government cannot direct the period from 7th to 10th to be treated as dies-non

4. The learned Government Pleader appearing in the case borught to my notice, Clause Viii of Circular Memorandum No. 104555/SSI/GAD dated 12th January, 1984. It reads as follows:

> "Unless otherwise ordered by Government depending upon the circumstances of any particular case the period of unauthorised absence by an employee for particpatinigin strikewill be reckoned from the date of the first working day on which he makes such absence to the date of the working day on which he resumes duties and that all the days (including intervening holidays) in that period will be treated as 'dis-non' and further action taken on that basis. The holidays which immediately precede the peroid treated as 'dies-non' will, however stand unaffected."

5. According to the learned Counsel appearing for the petitioner, this clause in he Circular Memorandum cannot over-ride the statutory provision contained in Kerala Service Rules Even clause VIII of the Memorandum starts with the wrods "Unless otherwise ordered by the Government". It shows that the Government has to apply its mind to all relevant matters before an order is passed under that Rule. Thererefore, I think it proper to direct the Government to consider all the matters urged by the petitioners.

6. In view of what has been stated above, I think the proper course to be adopted in the case is to direct the Government to consider all the contentions of the petitionars and to pass appropriate orders in accordance with law. Therefore, I direct the petitioners to file a detailed representation before the Government within a period of one month from today. If such a representation is filed, the Government must dispose of the same within two months from the date of its receipt Before passing final order, the petitioners may be given an opportunity of being heard in the matter.

The Original Petitions are disposed of in the above terms.

Issue photo copy of the judgment to the petitioners on usual terms for production before the 1st respondent.

Sd/-

---

**മെമ്പർഷിപ്പ് വേഗം അയയ്ക്കുക.**

മെമ്പർഷിപ്പു പ്രവർത്തനം കൃത്യസമയത്തു പൂർത്തിയാക്കണമെന്ന തീരുമാനം ബ്രാഞ്ചു സെക്രട്ടറിമാർ ഓർക്കുമല്ലോ? എത്രയും വേഗം കോളേജുകളിൽ നിന്നും തുക ശേഖരിച്ച് താഴെ പറയുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രൊഫ. എസ്. വിശ്വനാഥൻ
ട്രഷറർ, എ. കെ. പി. സി. ടി. എ.
T. C. 15/337
ശാന്തിഭവൻ
വെള്ളയമ്പലം. തിരുവനന്തപുരം 10

GOVERNMENT OF KERALA

ABSTRACT

PRIVATE COLLEGES - College teachers who participated in the strike payment of salary for the intervening holidays-orders issued.

HIGHER EDUCATION (D) DEPARTNENT
G. O. (RT) No. 1053/87/H.Edn.
Trivandrum, Dated 23rd May, 1987

Read: 1. Govt. letter No. 30 315/F2/86/ H Edn. dated 13-10-86

2. Common Judgement in O. P.No. 123/87 H and O. P. No. 1125/87 dated 11-2-87 from the High Court of Kerala.

3. Representations dated 24-2-87 from Shri. K. Gopalakrishnan Pillai, Professor and Shri. Narayanankutty, Professor, S. D. College, Alleppey.

4. Representation dated 26-3-87 from Shri Joy Job kulavelil, professor, U. C. College, Alwaye,

5. Representation dated, nil from Shri. K N. James, Professor, Sf. Aibert's College, Ernakulam.

ORDER

Some of the employees including officers of the Collegiate Eeucation Department and College Teachers were on token strikie on 6-6-86. The period from 7-6-86 to 10-6-86 were holidays for the teaching staff. In the letter read above, Government have clarified that the interim holidays from 7-6-1986 to 10-6-1986 will also be treated as 'dies-non' under rule 14 A, Part I KSRs in respect of the employees who took part in both the token strike on 6-6-1986 and in ihe indefinite strike from 11-6-86 in connection with the 'Pre-Degree Agitation'. Accordingly, steps were taken to withhold the salary due/ to recover the salary already paid for the above period.

2. Aggrieved by the clarification issued by the Government vide letter read above, All Kerala Private College Teachers Association filed O. P. Nos. 1123/87 and 1125/87 before the High Court of Kerala. The Court disposed of the above O.PS on 11-2-87 with the direction to the petitioners to file a detailed representation before the Government within a period of one month from the date of judgement. The Court has also directed the Government to dispose of such representations, if filed within two moths from its receipt after giving an opportunity of being heard in the matter. Accordingly, the petitioners filed the representations read above.

3 After having heard the petitioners, Government are pleased to order that salary withheld for the Intervening holidays between 6th June, 1986 and 11th June, 1986 will be released and that no steps will be taken to recover the salary already paid for the above period.

(By Order of the Governor)
M. S. K. Ramaswami
Commissioner & Secretary to Govt.

# ആലുവായിൽ നടന്ന സ്റ്റേറ്റ് കമ്മറ്റി ക്യാമ്പ്

എ. കെ. പി. സി ടി. എ സ്റ്റേറ്റ് കമ്മറ്റി അംഗങ്ങൾക്കുവേണ്ടി, ജൂൺ 6, 7 തീയതികളിൽ ആലുവാ യു. സി. കോളേജിനടുത്തുള്ള ഫെല്ലോഷിപ്പ് ഹാളിൽ വച്ച് ഒരു പ്രവർത്തക ക്യാമ്പ് നടത്തുകയുണ്ടായി.

## ഉത്ഘാടനയോഗം

6-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പ്രസിഡന്റ് പ്രൊ. വി നാരായണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ക്യാമ്പിന്റെ ഉത്ഘാടനം അയ്ഫക്ടോ പ്രസിഡന്റ് കെ. കെ. തെക്കേടത്താണ് നടത്തിയത്. പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരത്തിൽ സംഘടന നേടിയ ഉജ്ജ്വലമായ വിജയത്തെ പ്രകീർത്തിച്ചുകൊണ്ടാണ് അദ്ദേഹം ഉത്ഘാടന പ്രസംഗം ആരംഭിച്ചത്. ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രതിലോമകരമായ പരിപാടികൾക്കെതിരെ പ്രതികരിക്കേണ്ട ചുമതല മുഖ്യമായും ബുദ്ധിജീവികളായ കോളേജ് അദ്ധ്യാപകർക്കാണ്. ഡൂൺ ടൈപ്പ് സ്കൂളുകളേയും ഓട്ടോണമസ് കോളേജുകളെയും പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയത്തെ എതിർത്ത് തോൽപ്പിക്കേണ്ടിയിരിക്കുന്നു. മെഹറോത്രാ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് അയ്ഫക്ടോ നടത്തിയ പ്രക്ഷോഭ സമരങ്ങളെപ്പറ്റി തെക്കേടത്ത് വിശദീകരിച്ചു. കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് നാലാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കാരം നടപ്പാക്കി നാളുകളേറെ കഴിഞ്ഞിട്ടും സർവ്വകലാശാലാ-കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കാരത്തിന് ആധാരമായ മെഹറോത്രാ കമ്മറ്റി റിപ്പോർട്ടിൽ ഒരു തീരുമാനവുമെടുക്കാതിരിക്കുന്ന കേന്ദ്ര സർക്കാർ നയത്തെ അദ്ദേഹം അപലപിച്ചു. മെഹറോത്രാ കമ്മറ്റി റിപ്പോർട്ട് ആവശ്യമായ ഭേദഗതികളോടുകൂടി എത്രയും പെട്ടെന്നു നടപ്പിലാക്കിക്കിട്ടാൻ ആഗസ്റ്റ് മാസത്തിൽ അഖിലേന്ത്യാതലത്തിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന പണിമുടക്കു സമരത്തിന്റെ പ്രാധാന്യം തെക്കേടത്ത് വിശദീകരിച്ചു. ആഗസ്റ്റ് 4 മുതൽ അനിശ്ചിതകാല പണിമുടക്ക് നടത്താനാണ് അയ്ഫക്ടോയുടെ ബോംബേ എക്സിക്യൂട്ടീവ് തീരുമാനിച്ചിരിക്കുന്നത്. പണിമുടക്ക് ഒഴിവാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. വൈസ് പ്രസിഡന്റ് ഡോ. എം. സി. ചാക്കോയുടെ കൃതജ്ഞതാ പ്രകടനത്തോടെ ഉദ്ഘാടന സമ്മേളനം സമാപിച്ചു.

## പ്രവർത്തന റിപ്പോർട്ട്

പിന്നീട് ചേർന്ന സ്റ്റേറ്റ് കമ്മറ്റി യോഗത്തിൽ സംഘടനാ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരുരേഖ പ്രസിഡന്റ് പ്രൊഫ. വി. നാരായണൻ കുട്ടി അവതരിപ്പിച്ചു. (പ്രവർത്തനരേഖ അന്യത്ര). യോഗങ്ങളിലും, ധർണകളിലുമൊക്കെ നമ്മൾ അച്ചടക്കം പാലിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു പറഞ്ഞുകൊണ്ടാണ് രേഖ അവതരിപ്പിച്ചത്. സംഘടനയുടെ ആവശ്യത്തിനായുള്ള ഫണ്ട് പിരിക്കുന്ന കാര്യത്തിൽ എല്ലാ പ്രവർത്തകരും ശുഷ്കാന്തി കാണിക്കണമെന്ന് അദ്ദേഹം പ്രത്യേകം ഓർമ്മിപ്പിച്ചു. തുടർന്ന് പ്രവർത്തന രേഖയെക്കുറിച്ച് ചർച്ച ആരംഭിച്ചു. ചർച്ചയിൽ പങ്കെടുത്ത് ധാരാളം പേർ സംസാരിച്ചു. ക്രിയാത്മക നിർദ്ദേശങ്ങളും, ആരോഗ്യകരമായ വിമർശനങ്ങളും പൊന്തിവന്നു. പി. പി. ശ്രീധരൻ, വി. ഉണ്ണികൃഷ്ണൻ നായർ, കെ. നാണപ്പൻ പിള്ള, രാധാകൃഷ്ണൻ, ഡോ റസലുദീൻ, ജോസഫ് മാത്യു, രവീന്ദ്രനാഥ്, ആന്റണി, ജി. ബാലകൃഷ്ണൻ നായർ, ബാലചന്ദ്രൻ, ജെ ബി. പഞ്ഞിക്കാരൻ, പ്രതാപചന്ദ്രൻ, നരേന്ദ്രനാഥ്, കൃഷ്ണൻനമ്പൂതിരി, ടി.വി. ജയിംസ്, നെല്ലിക്കൽ മുരളീധരൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തവരിൽ ഉൾപ്പെടുന്നു. സർവ്വകലാശാലയുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾക്ക് സിണ്ടിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ജി. മാധവൻ നായരും പ്രൊഫ. എ. ആന്റണിയും മറുപടി പറഞ്ഞു. ചില പ്രധാന പ്രശ്നങ്ങളെപ്പറ്റി ജനറൽ സെക്രട്ടറി പ്രൊഫ. പി. നരേന്ദ്രനും പൊതു പ്രശ്നങ്ങളെപ്പറ്റി പ്രസിഡന്റ് പ്രൊഫ. വി. നാരായണൻ കുട്ടിയും മറുപടി പറഞ്ഞു.

## ആക്ട്, സ്ററാററ്യൂട്ട്, ഓർഡിനൻസ് —ക്ലാസ്സ്

സർവ്വകലാശാലയുമായി ബന്ധപ്പെട്ട നിയമ പുസ്തകങ്ങളായ യൂണിവേഴ്സിററി ആക്ട്, സ്ററാററ്യൂട്ട്, ഓർഡിനൻസ്, റെഗുലേഷൻസ് തുടങ്ങിയവയേപ്പററി നമ്മുടെ മുഖ്യ പ്രവർത്തകർക്ക് സാമാന്യ ജ്ഞാനമെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ഈ ഉദ്ദേശം മുൻനിർത്തിക്കൊണ്ട് മേൽപ്പറഞ്ഞ നിയമങ്ങളിൽ പ്രൈവററ് കോളേജ് അദ്ധ്യാപകനെ ബാധിക്കുന്നവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രൊഫ ടി. ഗോപാലകൃഷ്ണൻ 7-ാം തീയതി രാവിലെ 10 മണി മുതൽ ക്ളാസ് എടുത്തു. നിയമസംബന്ധമായി ക്യാമ്പംഗങ്ങൾക്ക് ഉണ്ടായിരുന്ന ഒട്ടേറെ സംശയങ്ങൾക്ക് പരിഹാരം കാണാൻ ഈ പഠന ക്ളാസ് സഹായിച്ചു ഈ വക നിയമങ്ങളിൽ പരിജ്ഞാനമുണ്ടെങ്കിൽ അത് നമ്മുടെ അക്കാദമിക് പ്രവർത്തനങ്ങൾ കുററമററതാക്കുമെന്നും, അങ്ങനെയുള്ളവർക്ക് മേലധികാരികളെ ഒരു വിധത്തിലും ഭയപ്പെടാതെ അന്തസായി തങ്ങളുടെ കർമ്മ പരിപാടികളുമായി മുന്നോട്ടുപോകാൻ കഴിയുമെന്നും പ്രൊഫസർ. ടി. ഗോപാലകൃഷ്ണൻ പറഞ്ഞു.

## മെഹറോത്രാ കമ്മററി റിപ്പോർട്ട്

യൂണിവേഴ്സിററി, കോളേജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ടിരിക്കുന്ന മെഹറോത്രാ കമ്മററി റിപ്പോർട്ടിനെപ്പററി അടുത്ത കാലത്ത് ഡൽഹി ബോംബെ ഐഫക്ടോ സമ്മേളനങ്ങളിൽ നടന്ന ചർച്ചയുടെയും തീരുമാനങ്ങളുടെയും വിശദമായ ഒരു റിപ്പോർട്ട് ജനറൽ സെക്രട്ടറി പ്രൊഫസർ പി. നരേന്ദ്രൻ അവതരിപ്പിച്ചു. തുടർന്ന് പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി മെഹറോത്രാ കമ്മററി റിപ്പോർട്ട് എത്രയും പെട്ടെന്നു ഭേദഗതികളോടെ നടപ്പിലാക്കി കിട്ടാൻ നമ്മൾ എന്തു ത്യാഗത്തിനും സന്നദ്ധരാകണമെന്ന് ആഹ്വാനം ചെയ്തു.

## വർക്കിംഗ് കമ്മിററി

ക്യാമ്പിൽവെച്ച് പ്രവർത്തക സമിതി മൂന്നു പ്രാവശ്യം ചേർന്നു. ആനുകാലിക പ്രാധാന്യമുള്ള പ്രാധന വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനമെടുത്തു. ഗാന്ധിജി യൂണിവേഴ്സിററിയിൽ വരാൻ പോകുന്ന അക്കാദമിക്കൗൺസിൽ ഇലക്ഷൻ, കോർപ്പറേററ് മാനേജ്മെൻറുകളുടെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥലം മാററം തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ തീരുമാനങ്ങൾ എടുത്തു. ക്യാമ്പ് 7-ാതീയതി 4 മണിയോടുകൂടി അവസാനിച്ചു.


---


# എ കെ പി സി ടി എ ക്ക് സ്വന്തമായി ഒരു ഓഫീസ്

# ബിൽഡിംഗ് ഫണ്ട് വിജയിപ്പിക്കുക

തുക അയക്കേണ്ടത്
പ്രൊഫ. എസ് വിശ്വനാഥൻ
ട്രഷറർ, എ കെ പി സി ടി എ
ടി. സി. 15/337 ശാന്തിഭവൻ,
വെള്ളയമ്പലം തിരുവനന്തപുരം-10

# യാത്ര അയപ്പ്



പ്രൊ. ഭാർഗ്ഗവനും, പ്രൊ. ദേവിനും യാത്രയയപ്പ്

കൊല്ലം ശ്രീനാരയണാ കോളേജിൽ 1986-'87 അദ്ധ്യയന വർഷാവസാനം സർവ്വീസ്സിൽ നിന്നും വിരമിച്ച പ്രൊഫ. എൻ. ഭാർഗ്ഗവൻ, പ്രൊഫ. കെ. വി. ദേവ് എന്നിവർക്ക് എ. കെ. പി. സി. ടി. എ ബ്രാഞ്ച് സമുചിതമായ യാത്രയയപ്പ് നല്കി. പ്രസിഡൻറ് പ്രൊഫ. ജി. ബാല ഭദ്രൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രിൻസിപ്പൽ പ്രൊഫ ജേക്കബ് പി. മാത്യു, സെനററംഗമായ പ്രൊഫ. പി. എൻ. ഹരിലാൽ, പ്രൊഫ. കെ. ജി. നടരാജൻ, പ്രൊഫ. കെ. ആർ. സുരേന്ദ്രൻ, ഡോ. എസ്. ശ്രീനിവാസൻ, പ്രൊഫ. ആർ. ഉദയഭാനു എന്നിവർ ആശംസാപ്രസംഗം നടത്തി. പ്രൊഫ. കെ. ജയപാലൻ സ്വാഗതം ആശംസിച്ചു. വിവിധ എസ്. എൻ. കോളേജുകളിൽ സ്തുത്യർഹമായ സേവനം നടത്തുകയും എ. കെ. പി. സി ടി. എ. യുടെ സ്റേററ് വൈസ് പ്രസിഡൻറ്, ട്രഷറർ എന്നീ സ്ഥാനങ്ങൾ അലങ്കരിക്കുകയും ചെയ്തിട്ടുള്ള പ്രൊഫ. എൻ. ഭാർഗ്ഗവൻ കേരള യൂണിവേഴ്സിററി സെനററു മെംബർ ആണ്. അദ്ദേഹത്തിൻെറ സമുചിതമായ മറുപടി പ്രസംഗത്തിനുശേഷം സെക്രട്ടറി പ്രൊഫ. ററി. എൻ. ബാലചന്ദ്രൻ കൃതജ്ഞ പ്രകാശിപ്പിച്ചു.

## കെ. കെ. കുമാരമേനോൻ

സംഘടനയുടെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖനായ പ്രൊഫ. കുമാരമേനാൻ ദീർഘകാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം കാലടി ശ്രീ ശങ്കരാ കോളേജിൽ നിന്നും വിരമിച്ചിരിക്കുന്നു. എ. കെ. പി. സി. ടി എ. നടത്തിയ എല്ലാസമരങ്ങളിലും നേതൃത്വപരമായ പങ്കുവഹിച്ചിട്ടുള്ള പ്രൊഫ. കുമാരമേനോൻ, നിർണ്ണായക ഘട്ടങ്ങളിലൊക്കെ നമ്മുടെ സംഘടനയ്ക്ക് വഴികാട്ടിയായിരുന്നു. സംഘടനയുടെ ജില്ലാ പ്രസിഡൻറായും, സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്ററഡീസ് അംഗമായും, മററു പല ഔദ്യോഗിക ഭാരവാഹിയായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## കെ പി. ആർ. മേനോൻ

ശ്രീ ഗുരുവായൂരപ്പൻ കോളേജിലെ എക്ണോമിക്സ് ഡിപ്പാർട്ട്മെൻറിൽ നിന്നും റിട്ടയർ ചെയ്ത പ്രൊഫ. കെ. പി. ആർ. മേനോൻ സംഘടനയുടെ ഒരു സജീവ പ്രവർത്തകനായിരുന്നു. ഗുരുവായൂരപ്പൻ കോളേജിൽ നടന്ന എല്ലാ അവകാശ സമരങ്ങളിലും സജീവമായി പങ്കെടുത്തിട്ടുള്ള പ്രൊഫസർ മേനോൻ സംഘടനയുടെ ജില്ലാ പ്രസിഡൻറ്, ജില്ലാസെക്രട്ടറി, യൂണിവേഴ്സിററി അക്കാദമിക് കൗൺസിൽ അംഗം തുടങ്ങി പല ഔദ്യോഗിക രംഗങ്ങളിലും സ്തുത്യർഹമായ സേവനം അനിഷ്ഠിച്ചിട്ടുണ്ട്.

## പി കൃഷ്ണൻ നായർ



കഴിഞ്ഞ 37 വർഷക്കാലം തുടർച്ചയായി വിവിധ എൻ. എസ്. എസ്. കേളേജുകളിൽ ഹിന്ദി ഡിപ്പാർട്ട് മെൻറിൽ സേവനമനുഷ്ഠിച്ച പ്രൊഫ. പി കൃഷ്ണൻനായർ കഴിഞ്ഞ മാർച്ചിൽ റിട്ടയർ ചെയ്തു. 1956 ൽ ട്യൂട്ടറായി പന്തളം എൻ.എസ്.എസ്. കോളേജിൽ പ്രവേശിച്ച അദ്ദേഹം 1987 മാർച്ചിൽ ചങ്ങനാശേരി എൻ. എസ്. എസ്. കോളേജിൽ നിന്നും പോസ്ററുഗ്രാഡേററ് പ്രൊഫസറായിട്ടാണ് റിട്ടയർ ചെയ്തത്. 1979-80 അദ്ധ്യയന വർഷം അദ്ദേഹം മട്ടന്നൂർ പഴശ്ശി രാജാ എൻ.എസ്. എസ്. കേളേജിൽ പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. എ കെ. പി. സി. ടി എ യുടെ അരംഭം മുതൽ, സർവ്വീസിൽ നിന്നും വിരമിക്കുന്നതുവരെ, സംഘടനയുടെ ഒരു സജീവാംഗമായി അദ്ദേഹം പ്രവർത്തിച്ചു. സംഘടനയുടെ പല ഔദ്യോഗിക സ്ഥാനങ്ങളിലും ഇരുന്ന് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച അദ്ദേഹം എല്ലാ അവകാശ സമരങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ഒരു ഉത്തമ സുഹൃത്തും, പ്രഗത്ഭനായ അധ്യാപകനും നല്ല സംഘാടനാ പ്രവർത്തകനമായിരുന്നു അദ്ദേഹം.

## പ്രൊഫ. ജി. ബാലകൃഷ്ണപിള്ള



വിവിധ എൻ. എസ്. എസ്. കോളേജുകളിൽ ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെൻറിൽ ദീർഘകാലം സേവമനുഷ്ടിച്ചശേഷം പന്തളംഎൻ. എസ്. എസ്. കോളേജിൽ നിന്നും പ്രൊ. ജി. ബാലകൃഷ്ണപിള്ള റിട്ടയർ ചെയ്തു. സംഘടനയോട് എന്നും കൂറു പുലർത്തിയിട്ടുള്ള അദ്ദേഹം വിവിധ കോളേജുകളിൽ ബ്രാഞ്ച് പ്രസിഡൻറായിരുന്നിട്ടുണ്ട്. സംഘടന ആഹ്വാനം ചെയ്ത എല്ലാ സമര പരിപാടികളിലും പ്രൊഫസർ പങ്കെടുത്തിട്ടുണ്ട്.

---

### ജില്ലാ / ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കേണ്ട ജില്ലാ, ബ്രാഞ്ച് വാർത്തകൾ ഓരോ മാസവും പത്താം തീയതിക്കു മുമ്പ് ചീഫ് എഡിററർക്ക് അയക്കണം.

ചീഫ് എഡിററർ

## 12-1-87 FIP TEACHERS TO BE RELIEVED WITH UNIVERSITIES' CONCURRENCE

Letter No. PI/CI/802/86 dt 8-10-1986 from the Director of College Development Council, University of Kerala, Trivandrum addressed to the Director of Collegiate Education, Trivandrum.

Sub :- Relief of teacher fellows under F. I P. of the U. G C. from colleges-regarding.

As you are well aware, the U. G. C. has offering financial assistance to affilited colleges under various developmental schemes to depute teachers for doing research leading to Ph. D.

Principals of affiliated colleges usually sponsor teacher fellows for doing research leading to Ph. D and the practice followed so far is to seek the concurrence of the University in the matter of admission after obtaining the approval of the U. G. C. This is imperative since it is upto the University to offer the necessary facilities to the teacher fellows who have secured the approval of the U. G C.

Though this procedure is known to the Principals of Colleges, the unhappy practice of relieving teachers from their respective colleges on the basis of a mere letter from the U G. C. continues. This causes a lot of practical difficulty to the University since all teachers securing the approval of the U G. C to do research leading to Ph D. cannot be accommodated in the repective depariments due to the lack of proper facilities at a given period. However, in many cases, the University has been forced to admit such teachers in order to avoid hardship to the teacher fellow concerned.

I therefore request you to bring to the notice of all colleges under your jurisdiction that in future teacher fellows securing the approval of the U. G. C. for doing research leading to Ph D. should be relieved from the concerned colleges only after getting the concurrence of the University. The University Department will not give admission to those teachors who are relieved from the coileges with out the concurrnece of the University and the University shall in no way be responsible for taking up the matter relating to such teachers with the U.G.C.

Thanking you,

Sd/-Professor in charge


## രമണൻ അന്തരിച്ചു



കൊല്ലം ശ്രീ നാരായണ കോളേജിലെ പൊളിറ്റിക്സ് അധ്യാപകനും എ.കെ.പി.സി.ടി.എ. യുടെ സജീവപ്രവർത്തകനുമായിരുന്ന ശ്രീ. കെ. രമണൻ 1987 ഏപ്രിൽ 15 ന് അന്തരിച്ചു. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന ശ്രീ രമണൻ ചുരുങ്ങിയ കാലംകൊണ്ട് അധ്യാപകരുടെ ആകെ ശ്രദ്ധപിടിച്ചുപറ്റിയ നേതാവായിത്തീർന്നിരുന്നു. കൊല്ലത്തെ പൊതുജീവിതത്തിലും ശ്രദ്ധിക്കപ്പെടുന്ന വ്യക്തിയായിരുന്നു രമണൻ. കലാസാംസ്കാരിക സംഘടനയായ 'മാസ്സി'ന്റെ വളർച്ചയിൽ വളരെ പ്രധാന പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്. കൊല്ലത്തു നടന്നിട്ടുള്ള പ്രക്ഷോഭസമരങ്ങളിൽ ശ്രീ രമണൻ ഒരുജ്ജ്വല യോദ്ധാവായിരുന്നു. അടിയന്തിരാവസ്ഥക്കാലത്ത് ജനാധിപത്യ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലും, നാട്ടിലെ ദൈനംദിനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലും മുൻപന്തിയിലായിരുന്നു അദ്ദേഹം. മരിക്കുമ്പോൾ മുപ്പത്തഞ്ചു വയസ്സ് പ്രായമുണ്ടായിരുന്നു രമണന്. ഭാര്യയും രണ്ടരവയസ്സുള്ള ഒരു പെൺകുഞ്ഞുമുണ്ട്.

# Kerala Private College teacher

monthly journal of the all kerala private college teachers' association
No. 70 R. No.M-36025/81 Registered No. KL TV (N) 35

എ.കെ പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ് ഉത്ഘാടനം ചെയ്തുകൊണ്ട് പ്രൊ. ആർ. ആർ.സി. നായർ സംസാരിക്കുന്നു.

ഓഫീസ് ഉത്ഘാടനയോഗത്തിൽ പങ്കെടുത്തവർ




printed and published by v. narayanankutty, at chempaka printers, trivandrum-4 phone: 82127 chief editor. v. n. murali.